# ഹദീസ്ഭാഷ്യം

രണ്ടാം ഭാഗം

ഇ[illegible]ഖരി

M297

1061

45722

I. P. H. പ്രസിദ്ധീകരണം: No. 35

# ഹദീസ് ഭാഷ്യം

## രണ്ടാം ഭാഗം

1963

NATIONAL BOOK STALL
S.P.C.S. LTD.
KOTTAYAM

— ടി. ഇസ്ഹാഖലി

*Ist. Edition: 1963 April Copies 3000*

വില: 60 ന. പ

Published

By

Islamic Publishing House,

Marikunnu :: Calicut

بسم الله الرحمن الرحيم

# പ്രസ്താവന

ഭൗതികചിന്താഗതി, എണ്ണമററ മാർഗ്ഗങ്ങളിലൂടെ, അതിശക്തിയായി പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഇസ്ലാമികാദർശപ്രചരണത്തിൻെറ ആവശ്യകത ദൈനംദിനം വദ്ധിച്ചുവരികയാണ്. ലൗകികസുഖസൗകര്യങ്ങളിൽ മുഴുകിയും, ഭൗതികതചത്തിൻെറ ഒഴുക്കിൽപെട്ടും, ചിന്താപരമായ അലസ്സത ബാധിച്ചും, ആദർശവീര്യം നഷ്ടപ്പെട്ടു കഴിഞ്ഞുകൂടുന്ന മുസ്ലിംസാമാന്യജനതയെയാണ് എവിടെയും കാണാൻ കഴിയുന്നത്. മനുഷ്യജീവിതത്തെ മുഴുവൻ നിയന്ത്രിക്കുന്ന ഒരാദർശസംഹിതയെന്ന നിലക്ക് ഇസ്ലാമിനെ മനസ്സിലാക്കാനുള്ള പാകത പോലും മുസ്ലിംഭൂരിപക്ഷത്തിനു നഷ്ടപ്പെട്ടിരിക്കയാണ്. മററു മതങ്ങളെപ്പോലെ, ചില വിശ്വാസങ്ങളും ആരാധനാകമ്മങ്ങളും മാത്രമാണ് ഇസ്ലാമെന്ന ധാരണയാണ്, ഇസ്ലാമിനോട് സ്നേഹവും ബഹുമാനവുമുള്ള മുസ്ലിംകളിൽതന്നെ കാണപ്പെടുന്നത്.

ദുസ്സഹമായ ഈ ദുരവസ്ഥയിൽനിന്നു സമുദായത്തെ രക്ഷിക്കാൻ, വിശുദ്ധ ഖുർആൻെറയും, നബി (സ)യുടെ ശിക്ഷണങ്ങളുടെയും വെളിച്ചത്തിൽ, ഇസ്ലാമിൻെറ സാക്ഷാൽ ആദർശസിദ്ധാന്തങ്ങൾ വിപുലമായ തോതിൽ പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. ഈ വിഷയകമായി ഇന്നു നടന്നുവരുന്ന സംരംഭങ്ങളുടെ ഒരെളിയ ഭാഗമാണ് "ഹദീസ് ഭാഷ്യം" എന്ന ഈ ചെറു പുസ്തകം. ഇതിൻെറ ഒന്നാംഭാഗം പുറത്തിറങ്ങിയിട്ടു കാലം കുറെയായെങ്കിലും രണ്ടാംഭാഗം പുറത്തിറക്കാൻ പല കാരണങ്ങളാലും, ഇപ്പോൾ മാത്രമാണ് സാധിച്ചത്. മുസ്ലിംസാമാന്യജനത്തെ, പ്രത്യേകിച്ച് സ്ത്രീകളെയും കുട്ടികളെയും ഉദ്ദേശിച്ച് എഴുതിയതാകയാൽ, ഒന്നാംഭാഗത്തിലെന്നപോലെ ഇതിലും ഭാഷാലാളിത്യം കൈവിടാതിരിക്കാൻ കഴിവതും ശ്രമിച്ചിട്ടുണ്ട്. സർവ്വശക്തനായ രക്ഷിതാവ് ഈ ശ്രമം തുടർന്നു നടത്താൻ തുണക്കുകയും ഇതൊരു സല്ക്കർമ്മമായി അംഗീകരിക്കയും ചെയ്യട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും, ഇതിൽ വന്നിരിക്കാവുന്ന പാകപ്പിഴവുകൾ ചൂണ്ടിക്കാണിച്ചു തരാൻ പണ്ഡിതസുഹൃത്തുക്കളോടഭ്യർത്ഥിച്ചുകൊണ്ടും ഈ ചെറുകൃതി പൊതുജനസമക്ഷം സമർപ്പിക്കുന്നു.

—ഇസ്ഹാഖലി

# 1

مَنْ حَلَفَ بِغَيْرِ اللهِ فَقَدْ كَفَرَ أَوْ أَشْرَكَ

(ترمذی)

അല്ലാഹു അല്ലാത്തതിനെ കൊണ്ടു ആരെങ്കിലും സത്യം ചെയ്താൽ അവൻ നിഷേധിച്ചു, അല്ലെങ്കിൽ പങ്കുചേർത്തു.

മനുഷ്യൻെറ മനസ്ഥിതിയേയും വിശ്വാസത്തേയും സാരമായി ബാധിക്കുന്ന ഒരു മഹാകാര്യമാണ് സത്യം. അതുകൊണ്ടു അത്യാവശ്യം നേരിടുമ്പോൾ മാത്രമല്ലാതെ സത്യം ചെയ്യുന്നതിനെ ഇസ്ലാം ഇഷ്ടപ്പെടുന്നില്ല. സ്ഥാനത്തും അസ്ഥാനത്തും സത്യം ചെയ്യുന്ന സ്വഭാവം കപടവിശ്വാസികൾക്കാണുണ്ടായിരുന്നത്. കാരണം ഉള്ളിൽ കാപട്യം മറച്ചുവെക്കുന്നവനു, താൻ പറയുന്നതു മററുള്ളവർ വിശ്വസിക്കുമോ എന്ന ശങ്കയുണ്ടാകും. അപ്പോൾ ഒന്നുകൂടി ഉറപ്പിച്ചുപറയണമെന്നു തോന്നുകയാണ്. കളവു പറയരുതെന്നും കള്ളസത്യം ചെയ്യരുതെന്നുമുള്ള വിചാരം അവർക്കില്ലതാനും.

അത്യാവശ്യം നേരിടുമ്പോൾ സത്യംചെയ്യാൻ ഇസ്ലാം അനുവദിക്കുന്നു. എന്നുമാത്രമല്ല സാക്ഷികളോ മററു തെളിവുകളോ ഇല്ലാത്ത സന്ദർഭങ്ങളിൽ അതു് തെളിവായി സ്വീകരിക്കുകയും ചെയ്യാം. പക്ഷെ സത്യം ചെയ്യുകയാണെങ്കിൽ സർവ്വശക്തനും, സർവ്വജ്ഞനുമായ അല്ലാഹുവിനെക്കൊണ്ടു മാത്രമേ സത്യം ചെയ്യാൻ പാടുള്ളു. അല്ലാത്തപക്ഷം അതു കുഫ്റും, ശിർക്കുമാ

ണെന്നു ഇസ്ലാം പഠിപ്പിക്കുന്നു. ഇക്കാര്യമാണ് ഈ നബിവചനത്തിലും മററു പലനബിവചനങ്ങളിലും പ്രസ്താവിച്ചിട്ടുള്ളത്.

എന്നാൽ സത്യം വിശ്വാസത്തെ എങ്ങിനെ ബാധിക്കുന്നുവെന്നും, അല്ലാഹു അല്ലാത്തവയെക്കൊണ്ടു സത്യംചെയ്യുന്നത് ശിക്ഷം കഷ്ടമാകുന്നതെങ്ങിനെയെന്നും നമുക്കൊന്നു ചിന്തിച്ചു നോക്കാം. "അല്ലാഹുവാണ ഞാൻ പറഞ്ഞത് ശരിയാണ്" എന്നു നാം പറയുമ്പോൾ അതിൻെറ അത്ഥമെന്താണെന്നു ചിന്തിച്ചാൽ കാര്യം വ്യക്തമാവുന്നതാണ്. "എൻെറ മനസ്സിലുള്ള വിചാരവും ഉദ്ദേശശുദ്ധിയും കാര്യത്തിൻെറ യാഥാത്ഥ്യവും അല്ലാഹു അറിയുന്നുണ്ട്. കാരണം അവൻ എല്ലാ രഹസ്യങ്ങളുമറിയുന്ന സവ്വജ്ഞനാണ്. അതിനാൽ ഞാൻ പറയുന്ന കാര്യത്തിന്നു അവനെ ഞാൻ സാക്ഷിയാക്കുന്നു. ഞാൻ അസത്യമാണ് പറയുന്നതെങ്കിൽ അല്ലാഹു എന്നെ ശിക്ഷിക്കും. അവൻ സവ്വശക്തനാണ്. അതിനാൽ അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ടു ഞാൻ പറയുന്നത് യഥാത്ഥമാണെന്ന് വിശ്വസിക്കുക." എന്നീ ആശയങ്ങളാണ് അതിൽ അടങ്ങിയിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് സത്യം ഒരു തെളിവായിത്തീരുന്നതും. കള്ളസത്യം ഭയങ്കരപാപമായിത്തീരുന്നതും മറെറാന്നുകൊണ്ടല്ല, അല്ലാഹുവിനെ കള്ള സാക്ഷിയാക്കുക എന്ന അതിനീചമായ കാര്യമാണ് അതിൽ അടങ്ങിയിരിക്കുന്നത്.

സത്യത്തിൽ പ്രധാനമായും മൂന്നു കാര്യങ്ങളാണ് അടങ്ങിയിട്ടുള്ളതെന്നു ഇപ്പോൾ വ്യക്തമായല്ലോ. ഒന്നു അല്ലാഹു സർവ്വജ്ഞനാണെന്ന വിശ്വാസം. രണ്ട് അവനെ സാക്ഷിയാക്കൽ. മൂന്നു അവൻ സർവ്വശക്തനായതിനാൽ അവൻെറ കോപത്തെയും ശിക്ഷയെയും സംബന്ധിച്ച ഭയം. ഇവയിൽ ഏതെങ്കിലുമൊന്നു ഇല്ലെന്നുവെച്ചാൽ സത്യം നിരത്ഥമായിത്തീരുന്നു.

അല്ലാഹു അല്ലാത്തവരെക്കൊണ്ടു സത്യം ചെയ്യുമ്പോഴും അതിൻെറ സാരം ഇതുതന്നെയാണ്. അവർ മനസ്സിലുള്ള രഹ

ന്യവും കാര്യങ്ങളുടെ യാഥാർത്ഥ്യവും അറിയുമെന്നും, ഏതെങ്കിലും വിധത്തിൽ ശിക്ഷാരക്ഷകൾ നൽകാൻ അവക്ക് കഴിയുമെന്നും സത്യം ചെയ്യുന്നവൻ വിശ്വസിക്കയും അതിൻെറ അടിസ്ഥാനത്തിൽ അവരെ സാക്ഷിയാക്കുകയും ചെയ്യുന്നുവെന്നർത്ഥം.

മനുഷ്യനെ സൃഷ്ടിച്ചു പരിപാലിക്കുന്ന അല്ലാഹുവിനെ വിട്ടു, അവൻെറ സൃഷ്ടികളെ സംബന്ധിച്ചു ഇത്തരം വിശ്വാസങ്ങൾ പ്രകടിപ്പിച്ചാൽ അതു കുഫ്റം ശിർക്കുമാണെന്നതിൽ വല്ല സംശയവുമുണ്ടോ?

പ്രവാചകന്മാരും, മലക്കുകളും പുണ്യപുരുഷന്മാരും മററു സൃഷ്ടികളുമെല്ലാം ഈ വിഷയത്തിൽ സമമാണെന്നു പ്രത്യേകം ഓർക്കേണ്ടതാണ്. അല്ലാഹു അല്ലാത്ത ഒന്നിനെകൊണ്ടും സത്യം ചെയ്യാൻ ഇസ്ലാം അനുവദിക്കുന്നില്ല. കാരണം അവയൊന്നും ദൈവങ്ങളല്ലാത്തതുതന്നെ. ഇസ്ലാമിക ആദർശങ്ങളെ സംബന്ധിച്ച അജ്ഞതയോടൊപ്പം അന്യ സമുദായങ്ങളുടെ അന്ധവിശ്വാസങ്ങളും കടന്നുകൂടിയതിനാൽ, പുണ്യ പുരുഷന്മാരുടേയും മാതാപിതാക്കളുടേയും പേർ പറഞ്ഞു സത്യംചെയ്യുന്ന സമ്പ്രദായം മുസ്ലിംകൾക്കിടയിൽ ഇന്നും നിലവിലുണ്ട്. അതു തികച്ചും അനിസ്ലാമികമാണെന്നു മനസ്സിലാക്കാൻ ഈ ഹദീസ് തന്നെ ധാരാളംമതി "നിങ്ങളുടെ പിതാക്കളെക്കൊണ്ടോ, അല്ലാഹു അല്ലാത്ത ശക്തികളെക്കൊണ്ടോ നിങ്ങൾ സത്യം ചെയ്യരുത്", എന്നു തന്നെ മറെറാരു ഹദീസിൽ നബി (സ) വ്യക്തമായി നിരോധിച്ചിട്ടുണ്ട്.

എൻെറ അടിമകളിൽനി
നുണ്ടായിരിക്കുന്നു,

എന്നിൽ വിശ്വസിക്കുന്നവ
നും അവിശ്വസിക്കുന്നവനും.

അല്ലാഹുവിൻെറ ഔദാര്യ
വും കാരുണ്യവും മൂലം നമു
ക്കു മഴലഭിച്ചു എന്നു പറ
ഞ്ഞതാരോ

അവൻ എന്നിൽ വിശ്വ
സിച്ചവനും
നക്ഷത്രത്തിൽ അവിശ്വ
സിച്ചവനുമാകുന്നു.

എന്നാൽ ഇന്ന നക്ഷത്രം
മൂലം നമുക്ക് മഴ ലഭിച്ചു
എന്നു പറഞ്ഞതാരോ

അവൻ എന്നിൽ അവി
ശ്വസിച്ചവനും

നക്ഷത്രത്തിൽ വിശ്വസി
ച്ചവനുമാകുന്നു.

أَصْبَحَ مِنْ عِبَادِى
مُؤْمِنٌ بِى وَكَافِرٌ
فَأَمَّا مَنْ قَالَ مُطِرْنَا
بِفَضْلِ اللهِ وَرَحْمَتِهِ
فَذَلِكَ مُؤْمِنٌ بِى كَافِرٌ
بِالْكَوْكَبِ
وَأَمَّا مَنْ قَالَ مُطِرْنَا
بِنَوْءِ كَذَا وَكَذَا
فَذَلِكَ كَافِرٌ بِى
مُؤْمِنٌ بِالْكَوْكَبِ
(بخارى، مسلم)

ഹുദൈബിയ്യയിൽവെച്ച ഒരു ദിവസം രാത്രി മഴ വർഷി ച്ചു. രാവിലെ നബി(സ) സഹാബിമാരോട് ചോദിച്ചു: "നി ങ്ങളുടെ നാഥൻ പറഞ്ഞതെന്താണെന്നു നിങ്ങൾക്കറിയാമോ?" അവർ പറഞ്ഞു: "അല്ലാഹുവിനും റസൂലിന്നുമറിയാം." അ പ്പോൾ, അല്ലാഹു പറഞ്ഞതായി നബി(സ) അറിയിച്ച ഖുദ് സീ ഹദീസാണ് മേൽകൊടുത്തത്. കാര്യത്തിൻെറ ഗൌരവം കാണിക്കാൻ വേണ്ടിയാണ് ലോകരക്ഷിതാവിൻെറ ഭാഷയിൽ തന്നെ ഇത് അറിയിച്ചിരിക്കുന്നതെന്നു നാം മനസ്സിലാക്കണം. ജനങ്ങളിൽ, അല്ലാഹുവിൽ വിശ്വസിക്കുന്നവരും അവിശ്വസി ക്കുന്നവരുമുണ്ട്. അല്ലാഹുവിൻെറ അനുഗ്രഹംകൊണ്ടു മഴ വ ർഷിച്ചുവെന്നു പറയുന്നവർ അല്ലാഹുവിൽ വിശ്വസിച്ചവരും, നക്ഷത്രംകൊണ്ടു മഴ ലഭിച്ചുവെന്നു പറയുന്നവർ അല്ലാഹുവിൽ അവിശ്വസിച്ചവരുമാണെന്നു സാരം.

എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിൻേറതു മാത്രമാണ്. മററാരും മനുഷ്യനു അനുഗ്രഹം ചെയ്യുന്നില്ല, ചെയ്യാനുള്ള കഴി വും ആർക്കുമില്ല, എന്നത് ഇസ്ലാമിൻെറ അടിസ്ഥാന വിശ്വാ സമാണ്. അതിന്നെതിരായ വിശ്വാസം മാത്രമല്ല, സംസാരവും പ്രവൃത്തിയുമെല്ലാം ശിർക്കും കുഫ്റുമാകുന്നു. അതാണ് ഈ ഹ ദീസ് പഠിപ്പിക്കുന്ന പാഠം.

ചന്ദ്രൻ കാലവ്യത്യാസം കാണിക്കുന്നതുപോലെ, മററു നക്ഷത്രങ്ങളും കാലാവസ്ഥയുടെ അടയാളങ്ങളാണ്. അവയെ സ്സംബന്ധിച്ച പഠിച്ചവർക്ക് അതു മനസ്സിലാക്കാം. പക്ഷെ അ വയ്ക്കു ലോക നിയന്ത്രണത്തിൽ ഒരു പങ്കുമില്ല. എന്നാണ് ഇ സ്ലാം പഠിപ്പിക്കുന്നത്. എന്നാൽ നക്ഷത്രങ്ങളുടെ ഗതിയും ലോക സംഭവങ്ങളും തമ്മിൽ യോജിപ്പ് കണ്ടതിനാൽ ലോക നി യന്ത്രണത്തിൽ അവയ്ക്കും പങ്കുണ്ടെന്നു പണ്ടു ചിലർ തെററിദ്ധരി ച്ചു. അതിനാൽ അവയെ ദൈവങ്ങളാക്കി ആരാധിക്കുന്നവ രും ഉണ്ടായിരുന്നു. ഇബ്രാഹീം നബി(അ)ൻെറ ജനത

തന്നെ നക്ഷത്ര ആരാധകരായിരുന്നുവെന്നും അതുകൊണ്ടാണ് അദ്ദേഹം നക്ഷത്രങ്ങളുടെ കഴിവില്ലായ്മ എടുത്തുകാണിച്ചുകൊണ്ടു അവരെ തൗഹീദിലേക്കു ക്ഷണിച്ചതെന്നും പണ്ഡിതന്മാർക്കഭിപ്രായമുണ്ടു്.

ലോകസംഭവങ്ങളുമായി നക്ഷത്രങ്ങൾക്കു ചില ബന്ധങ്ങളുണ്ടെന്നു തെററിദ്ധരിക്കാനിടയുള്ളതിനാൽ, നക്ഷത്ര ആരാധനയാണ് ആദ്യത്തെശിർക്കെന്നും അവർ അഭിപ്രായപ്പെടുന്നു.

സൂര്യദേവനേയും ഭൂമിദേവിയേയും മററും ആരാധിക്കുന്നവർ ഇന്നും നിലവിലുണ്ടല്ലോ. നക്ഷത്രങ്ങൾ സ്വന്തം ശക്തിയുള്ള ദൈവങ്ങളാണെന്നും അല്ല, ലോകസ്രഷ്ടാവ് നല്കിയ കഴിവാണവക്കുള്ളതെന്നും രണ്ടഭിപ്രായങ്ങൾ നക്ഷത്ര ആരാധകർക്കിടയിലുണ്ടായിരുന്നു. ഇതുരണ്ടും ശിർക്കാണെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

ഞാററുവേല, നക്ഷത്രഫലം തുടങ്ങിയ പലകാര്യങ്ങളിലും, പല അന്ധവിശ്വാസങ്ങളും ബഹുദൈവ വിശ്വാസികളിൽനിന്നു മുസ്ലീം സാമാന്യ ജനങ്ങളിൽ കടന്നു കൂടിയിട്ടുണ്ട്. നഹ്സു നോക്കുന്നതും കണക്കു നോക്കുന്നതും മിക്കവാറും അതിനോടു ബന്ധപ്പെട്ടതാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഇത്തരം ക്ഷുദ്രവിശ്വാസങ്ങളെല്ലാം ഇസ്ലാമിൻെറ മൗലികസിദ്ധാന്തങ്ങൾക്കെതിരാണെന്നതിൽ സംശയമില്ല. ഇസ്ലാമും അന്ധവിശ്വാസങ്ങളും തമ്മിൽ ഒരിക്കലും നിരക്കില്ല. അവ വെച്ചുപുലർത്തികൊണ്ടു മുഅ്മിനും മുസ്ലിമുമായി ജീവിക്കുക സാധ്യവുമല്ല എന്നു മുസ്ലിംകൾ വ്യക്തമായും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## 3

بَيْنَ الرَّجُلِ وَبَيْنَ الشِّرْكِ وَالْكُفْرِ تَرْكُ الصَّلَاةِ (مسلم)

ഒരാളുടേയും, കുഫ്ർ ശിക്ക് എന്നിവയുടേയും ഇടക്കുള്ളത് നമസ്കാരം ഉപേക്ഷിക്കലാകുന്നു.

ഒരു മനുഷ്യനും കുഫ്ർ, ശിക്ക് എന്നിവക്കുമിടയിലുള്ളകാര്യം നമസ്കാരം ഉപേക്ഷിക്കുക എന്നതാണ്, അതുഉപേക്ഷിച്ചു കഴിഞ്ഞാൽ അയാളുടെയും കുഫ്റിന്റെയും ഇടയിൽ വേർതിരിക്കുന്ന അതിര് നീങ്ങിക്കഴിഞ്ഞുവെന്നർത്ഥം. ഇസ്ലാമിന്റെ സാക്ഷാൽ രൂപം നിലവിലുണ്ടായിരുന്നകാലത്ത് ഇക്കാര്യം വളരെ വ്യക്തമായിരുന്നു. ഇസ്ലാമിന്റെ നിർബ്ബന്ധകടമകളിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നത് നമസ്കാരമാണെന്നും, മുസ്ലിമിനേയും അമുസ്ലിമിനേയും വേർ തിരിക്കാനുള്ള അടയാളം അതാണെന്നും അന്നുള്ളവർക്ക് ബോധമുണ്ടായിരുന്നു. അതിനാൽ, യഥാർത്ഥത്തിൽ ഇസ്ലാമിൽ വിശ്വാസമില്ലാത്ത കപടവിശ്വാസികൾ പോലും നബി (സ) യുടെ ഒന്നിച്ചു പള്ളിയിൽവെച്ചു തന്നെ നമസ്കരിക്കാൻ നിർബ്ബന്ധിതരായിരുന്നു. നമസ്കാരം ഉപേക്ഷിച്ചവനെ മുസ്ലിമായി ഗണിക്കേണമെന്നു വാദിക്കാൻ ധൈര്യമുള്ള ഒരു മുസ്ലിമും അന്നുണ്ടായിരുന്നില്ല.

അല്ലാഹുവിനോടുള്ള ബന്ധവും അവന്റെ അടിമയാണെന്ന ബോധവുമാണ് ഇസ്ലാമിന്റെ കാതൽ. പ്രസ്തുത ബന്ധവും ബോധവും നിലനിറുത്താനും തെളിയിക്കാനുംവേണ്ടി അല്ലാഹു ഒന്നാമതായി നിർബ്ബന്ധമാക്കിയ അതിമഹത്തായ കടമയാണ് നമസ്കാരം. അതില്ലാതിരുന്നാൽ അല്ലാഹുവിനോടുള്ള

ബന്ധം നിലനിറുത്തുക സാധ്യമല്ലെന്നു മനുഷ്യനെ സൃഷ്ടിച്ച അല്ലാഹുവിന്നറിയാം. അതുകൊണ്ടാണ്, മററ ആരാധനാകമ്മങ്ങൾക്കുള്ള വിട്ടുവീഴ്ചകളൊന്നും നമസ്കാരത്തിന്നു അനുവദിക്കാതിരുന്നത്. നമസ്കരിക്കാൻ പറവന്നവിധത്തിൽ മനുഷ്യൻ ജീവിക്കുന്ന ഒരു നിമിഷത്തിലും അതിൽ വിട്ടുവീഴ്ചയില്ലെന്നാണ് ഇസ്ലാമിൻെറ നിയമം. മരിക്കാൻ ഒരു നിമിഷം ബാക്കിയുള്ളപ്പോഠം പോലും മനസ്സുകൊണ്ട് നമസ്കരിക്കാൻ കഴിയുമെങ്കിൽ അതും നിർബ്ബന്ധമാണ്. മാത്രമല്ല ദിവസംതോറം അഞ്ചുപ്രാവശ്യം അതു നിർവ്വഹിക്കുകയും വേണം. ഇതിൽ ഒരുവിധത്തിലും ഇളവില്ല തന്നെ. അല്ലാഹുവുമായുള്ള ബന്ധവും ഇസ്ലാമിക ജീവിതവും ഈ മാനും നിലനിറുത്താൻ നമസ്കാരം കൂടാതെ സാധ്യമല്ലെന്നതാണ് ഇതിനെല്ലാം കാരണം. നമസ്കാരംവേണ്ടെന്നു വെച്ചവൻ കാഫിറാണെന്നും മുസ്ലിംകളോടു അവന്നു ഒരു ബന്ധവുമില്ലെന്നും നമസ്കാരം പൊതുവെ സ്വീകരിക്കുകയും എന്നാൽ ഓമ്മയോടുകൂടി ഇടക്ക് അതു ഉപേക്ഷിക്കുകയും ചെയ്യുന്നവനെ കൊന്നുകളയണമെന്നും അവന്നു മുസ്ലിം സൊസൈററിയിൽ ജീവനോടെ നടക്കാൻ അർഹതയില്ലെന്നുമാണ് വിധി. ഇതെല്ലാം ഇസ്ലാമിൻെറ വിധികളാണെന്നതിൽ നമ്മുടെ പണ്ഡിതന്മാൎക്കഭിപ്രായവ്യത്യാസമില്ല. നമസ്കാരത്തെ തള്ളിക്കളയാതെ ഇടക്ക് വല്ലനമസ്കാരവും കാരണവശാൽ വിട്ടുകളയുന്നവർ തന്നെ ഇസ്ലാമിൽനിന്നും പുറത്തുപോകുമെന്നു അവൎക്കഭിപ്രായമുണ്ട്, എന്നു വരുമ്പോഠം നമസ്കാരത്തിൻെറ കാര്യം എത്ര ഗൌരവമുള്ളതാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല.

എന്നാൽ എല്ലാ വിഷയത്തിലും ഇസ്ലാമിൻെറ സാക്ഷാൽ നിലപാടും രൂപവും മങ്ങിമറഞ്ഞതു പോലെ ഇസ്ലാമിൻെറ നട്ടെല്ലും നെടുംതൂണുമായ നമസ്കാരത്തിൻെറ സാക്ഷാൽസ്ഥാനവും മുസ്ലിംകളുടെ മനസ്സിൽനിന്നും ജീവിതത്തിൽനിന്നും പൊതുവെ മാഞ്ഞുപോയിരിക്കയാണ്. അഞ്ചുനേരത്തെ നമസ്കാരവും ഉപേ

ക്ഷിച്ചാലും, ആഴ്ചയിലൊരിക്കൽ ജുമുഅക്ക് പള്ളിയിൽവരാൻ പോലും തയ്യാറില്ലെങ്കിലും, ജീവിതത്തിലൊരിക്കലും അല്ലാഹു വിനെഓർത്തു കുമ്പിട്ടിട്ടില്ലെങ്കിലും, തനിക്കു മുസ്ലീമാകാമെന്നു് വ്യാമോഹിക്കുന്നവർ, ഇന്നെത്രയുണ്ടു്! മാത്രമല്ല, അത്തരക്കാരെ, മുസ്ലീം സമുദായത്തിൻെറയും രാഷ്ട്രത്തിൻെറയും നേതാക്കളാക്കുന്ന തിൽപോലും വല്ലപൊരുത്തക്കേടുമുണ്ടെന്നു ഇന്നു മുസ്ലിംകൾ മന സ്സിലാക്കുന്നുണ്ടോ?

നമസ്കാരത്തിൻെറ പ്രാഥമികപാഠങ്ങൾ കുട്ടികൾക്കു് പഠിപ്പിക്കുന്ന സമ്പ്രദായം നിറുത്തൽ ചെയ്തനാട്ടുകൾ ഇന്ത്യ യിൽ തന്നെയുണ്ടു്. ഒരാൾ കൃത്യമായി നമസ്കരിക്കുന്നതുകണ്ടാൽ പലസ്ഥലങ്ങളിലും മുസ്ലിംകൾക്കു തന്നെ ആശ്ചര്യംതോന്നിത്തുട ങ്ങിയിരിക്കുന്നു. ഇങ്ങിനെയെല്ലാമായിത്തീന്നിട്ടും ഇസ്ലാമികജീ വിതത്തിന്നു വല്ലതകരാറും സംഭവിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാൻ തയാറില്ലാത്ത മുസ്ലിംകളുണ്ടെന്നതാണാശ്ചര്യം. "നമസ്കാരം ഇസ്ലാമിൻെറതൂണാകുന്നു, അതു നിലനിറുത്തിയവൻ ദീൻ നിലനി റുത്തി; അതുപേക്ഷിച്ചവൻ ദീൻ തകർത്തു" എന്ന ഇസ്ലാ മിക തത്വം എത്ര അർത്ഥവത്താണെന്നു അനുഭവത്തിൽ നിന്നു തന്നെ ഇന്നു നമുക്കു് പഠിക്കാൻ കഴിയുന്നതാണ്. ഇങ്ങിനെ ത്തന്നെ മുമ്പോട്ടു നീങ്ങുകയാണെങ്കിൽ ആയിരം ദൈവ ങ്ങളുണ്ടെന്നു വിശ്വസിക്കുന്നവരും ദൈവമില്ലെന്നു പറയുന്ന വരും യാതൊരു തകരാറുമില്ലാത്ത മുസ്ലിംകളാണെന്നു വരുന്ന കാലം വിദൂരമായിരിക്കുമോ?

## 4

مَنْ فَارَقَ الْجَمَاعَةَ شِبْرًا

ആരെങ്കിലും സംഘടനയിൽ നിന്നു ഒരു ചാൺ വിട്ടാൽ

അവൻ തൻെറ കഴുത്തിൽ നിന്നു ഇസ്ലാമിൻെറ ബന്ധം അഴിച്ചു കഴിഞ്ഞു

فَقَدْ خَلَعَ رِبْقَةَ الْإِسْلَامِ مِنْ عُنُقِهِ (احمد ابوداود)

മൃഗങ്ങളെ ബന്ധിച്ചുനിർത്താൻ വേണ്ടി അവയുടെ കഴുത്തിൽ കെട്ടുന്ന കെട്ടിന്നാണ് 'രിബ്ഖത്ത്'' എന്നു പറയുന്നത്. അപ്പോൾ, ''സംഘടനയിൽനിന്നു അല്പമെങ്കിലും അകന്നുനില്ക്കുന്ന ഏതൊരു മുസ്ലിമും ഇസ്ലാമിനോടു തനിക്കുള്ള ബന്ധം വേർപെടുത്തിയിരിക്കുന്നു'' എന്നു സാരം.

സംഘടിതജീവിതം, ഓരോ മുസ്ലിമിന്നും ഒഴിച്ചുകൂടാത്തതാണെന്നും, സംഘടിതമല്ലാത്ത ജീവിതം വിചാരിക്കാൻപോലും നിവൃത്തിയില്ലാത്തതാണെന്നും ഈ ഹദീസ് പഠിപ്പിക്കുന്നു.

നബി (സ) യുടേയും ഖുലഫാഉർറാശിദിൻേറയും കാലത്തുണ്ടായിരുന്ന ഇസ്ലാമികജീവിതം മുമ്പിൽ വെക്കുമ്പോൾ ഇക്കാര്യം വളരെ വ്യക്തമായി നമുക്കു മനസ്സിലാക്കാൻ കഴിയുന്നതാണ്. നബി(സ)യുടെ നേതൃത്വം സ്വീകരിക്കായും അന്നത്തെ ഇസ്ലാമികസംഘടനയിൽ നിലകൊള്ളുകയും ചെയ്യാത്ത ഒരു മുസ്ലിമിനെ സംബന്ധിച്ച ആക്ഷം ചിന്തിക്കാൻ പോലും സാദ്ധ്യമല്ല. അബൂബക്കർ സിദ്ദീഖി(റ)ൻേറയും മററു മൂന്നു ഖലീഫമാരുടെയും കാലത്തെ സ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്ഥമല്ല. നബി (സ) യുടെകാലശേഷം സംഘടിതജീവിതത്തിൻെറ പ്രാധാന്യം അല്പമെങ്കിലും കുറയുമെന്നു തിരുമേനി ഒരിക്കലും പഠിപ്പിച്ചിട്ടില്ല. എനിക്ക് ശേഷം നിങ്ങൾ സ്വന്തം ജീവിതം നന്നാക്കിയാൽ മാത്രം മതി എന്നു പഠിപ്പിക്കുന്ന ഒരു ഹദീസും കാണുകയില്ല. നേരെമറിച്ചു സംഘടിച്ചുതന്നെ ജീവിക്കണമെന്നും ''ഒററ തിരിഞ്ഞ ആട്ടിനെ ചെന്നായപിടിക്കുന്നതുപോലെ ഒററ തിരിഞ്ഞു ജീവിക്കുന്നവനെ പിശാചു തട്ടിയെടുക്കു'' മെന്നും,

''സംഘടനയിൽ നിന്നു അല്പമെങ്കിലും അകന്നു നിൽക്കുന്നവൻെറ മരണം അനിസ്ലാമിക മരണമാണെന്നും, പഠിപ്പിക്കുന്ന ധാരാളം ഹദീസുകളുണ്ട്. അക്രമങ്ങളും അഴിമതികളും ഇസ്ലാം ഒരിക്കലും വെച്ചുപൊറുപ്പിക്കയില്ല, അവക്കെതിരായി സമരം ചെയ്യേണ്ടത് ഓരോ മുസ്ലിമിൻെറയും നിർബ്ബന്ധകടമയാണ്. പക്ഷെ ഇസ്ലാമികസംഘടനയിൽ നിലകൊള്ളുമ്പോൾ നേതാവിൽ ഉണ്ടാകുന്ന തെററുകൾ ഇസ്ലാമിൻെറ അടിസ്ഥാനസിദ്ധാന്തങ്ങൾക്കെതിരല്ലാത്തകാലത്തോളം സംഘടനവിടുകയോ അയാളെ എതിർക്കുകയോ ചെയ്യുന്നത് ഇസ്ലാം കഠിനമായി തടഞ്ഞിരിക്കുന്നു അതു സംഘടിതജീവിതത്തിന്നു ഗുണത്തിലേറെ ദോഷംവരുത്തുമെന്നതാണ് അതിന്നു കാരണം. സംഘടിതജീവിതം എത്രമാത്രം നിർബ്ബന്ധമാണെന്നു ഇതിൽനിന്നെല്ലാം തെളിയുന്നുണ്ട്. ഇതെല്ലാം ഏതെങ്കിലുമൊരു കാലത്തേക്കു മാത്രമുള്ള നിയമങ്ങളാണെന്നു പറയുവാൻ ഒരു ന്യായവുമില്ലെന്നു കൂടി നാം ഓർക്കേണ്ടതാണ്.

സംഘടിത ജീവിതത്തിന്നു ഇസ്ലാമിൽ ഇത്രയധികം സ്ഥാനമുണ്ടാകാൻ കാരണമുണ്ട്. മനുഷ്യൻെറ വ്യക്തിപരവും സാമൂഹ്യവുമായ എല്ലാജീവിതത്തേയും അല്ലാഹുവിൻെറ ഇഷ്ടത്തിനൊത്തു വാർക്കുകയാണ് ഇസ്ലാമിൻെറ ഉദ്ദേശം. വിശ്വാസം, നമസ്കാരം, നോമ്പു എന്നീ വ്യക്തിപരമായ കാര്യങ്ങൾക്ക് പുറമെ, ഇടപാടുകളിൽ സത്യം, നീതി, മര്യാദ എന്നിവ അതിന്നു നടപ്പിൽ വരുത്തേണ്ടതുണ്ട്. ശിർക്ക്, അന്ധവിശ്വാസം, മദ്യപാനം എന്നീ വ്യക്തിപരമായ കുററങ്ങൾക്കു പുറമെ, കളവ്, വഞ്ചന, അക്രമം, വ്യഭിചാരം, പലിശ തുടങ്ങിയ നിരവധി സാമൂഹ്യ ദോഷങ്ങൾ അതിന്നു തടയേണ്ടതുണ്ട്. ചുരുക്കത്തിൽ നബി(സ) ഏതെല്ലാം വിഷയങ്ങളിൽ മുസ്ലിംകളെ നിയന്ത്രിച്ചിരുന്നുവോ, അതിലെല്ലാം ഇസ്ലാമിന്നു നിയന്ത്രണമുണ്ട്. സാമൂഹ്യ ജീവിതമോ, രാഷ്ട്രീയ ജീവിതമോ, സാമ്പത്തിക ജീവിതമോ, നബി(സ)യുടെ നിയന്ത്രണത്തിൽ നിന്നൊഴിവായിരുന്നില്ല.

അതെല്ലാം നബി(സ)നിയന്ത്രിച്ചത് വെറും സുന്നത്തായിട്ടാണെന്നോ, ഇസ്ലാമിൽ അതിന്നൊന്നും വലിയ സ്ഥാനമില്ലെന്നോ പറയാൻ, ഇസ്ലാമിനെസ്സംബന്ധിച്ച അല്പമെങ്കിലും ബോധമുള്ളവക്ക് സാധ്യവുമല്ല. എന്നാൽ, ഇപ്രകാരം മനുഷ്യജീവിതത്തെ ഉടനീളം നിയന്ത്രിക്കാൻ സംഘടിത ജീവിതം കൂടാതെ സാധ്യമല്ലെന്നു ബുദ്ധിയുള്ള ആൎക്കും മനസ്സിലാക്കാൻ കഴിയുമല്ലോ; അതിനാൽ സാക്ഷാൽ ഇസ്ലാം വേണമെങ്കിൽ സംഘടന നിൎബ്ബന്ധമാണെന്നു വരുന്നു.

കൂടാതെ ഇസ്ലാമിക ജീവിതത്തിൻെറ സാക്ഷാൽ രൂപം വ്യക്തമായും ലോകത്തിൻെറ മുമ്പിൽ വെക്കുകയും, ഇതര മനുഷ്യസുഹൃത്തുക്കളെ അതിലേക്കാകൎഷിക്കയും ചെയ്യേണ്ടത് മുസ്ലിംകളുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമാണ്. അതിന്നുംപുറമെ, ഇസ്ലാമിൻെറ സാമൂഹ്യക്രമത്തെ സൎവ്വോപരി വിജയിപ്പിക്കുകയും, അതിനെ നശിപ്പിക്കാൻ വരുന്ന ദുശ്ശക്തികളെ പരാജയപ്പെടുത്തുകയും ചെയ്യുകയെന്നതും സത്യവിശ്വാസികളുടെ സൎവ്വപ്രധാനമായ കടമയാണെന്നു ഏതു മുസ്ലിമിന്നാണറിയാത്തത്. തനി ഇസ്ലാമികാടിസ്ഥാനത്തിൽ, ഇസ്ലാമിക സ്വഭാവത്തോടുകൂടി, ഇസ്ലാമികമായ നേതൃത്വത്തിൽ, മേൽപറഞ്ഞ ഉദ്ദേശങ്ങൾക്ക് വേണ്ടി, മുസ്ലിംകൾ സംഘടിച്ചില്ലെങ്കിൽ അവ എങ്ങിനെ സാധ്യമാകും? എന്നിരിക്കെ അത്തരം സംഘടനയിൽ നിന്നു വിട്ടുനിൽക്കുന്നവന്നു ഇസ്ലാമുമായി എത്രമാത്രം ബന്ധമുണ്ടെന്നു ആൎക്കും ചിന്തിച്ചാലറിയാവുന്നതാണ്. ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നതും അതുതന്നെയാണ്.

കുത്തഴിഞ്ഞു കീറിപ്പാറിയ പുസ്തകം പോലെയാണ് മുസ്ലിംസമുദായം ഇന്നു നിലക്കൊള്ളുന്നത്. അവരിൽ പലരും പല സംഘടനകളിലുമുണ്ടെങ്കിലും അതുകൊണ്ടു തന്നെ, ശരിയായ ഇസ്ലാമികനേതൃത്വം അവൎക്ക് നഷ്ടപ്പെട്ടിരിക്കയാണ്. ഇത് അനിസ്ലാമിക ജീവിതമാണെന്നു എന്തിയെങ്കിലും നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

## 5

മുസ്ലിമിനെ ശകാരിക്കൽ അതിക്രമമാകുന്നു

അവനോടു യുദ്ധം ചെയ്യൽ നിഷേധവുമാകുന്നു

سباب المسلم فسوق وقتاله كفر (بخارى•مسلم)

ഒരേ ആദർശത്തിലും ലക്ഷ്യത്തിലും വിശ്വസിക്കുന്ന മുസ്ലിംകൾ അന്യോന്യം ബഹുമാനിക്കണം. അവരിൽ ഒരോരുത്തരും മററുള്ളവരുടെ ജീവനും അഭിമാനവും ധനവും സംരക്ഷിക്കയും ചെയ്യണം. ഇതു ആദർശത്തോടും ലക്ഷ്യത്തോടുമുള്ള കടമയാണ്. ഒരാൾ തനിക്ക് ഒരാദർശത്തിൽ വിശ്വാസമുണ്ടെന്നു വാദിക്കയും, അതേ ആദർശത്തിന്നുവേണ്ടി നിലകൊള്ളുന്ന സുഹൃത്തിൻെറ ജീവനും അഭിമാനവും അപകടത്തിലാക്കുകയും ചെയ്യുകയാണെങ്കിൽ അവൻെറ വാദം വെറും പൊള്ളയായിരിക്കാനേ തരമുള്ളു. കാരണം, ആദർശത്തോടു സ്നേഹവും ഗുണകാംക്ഷയുമുള്ളവന്നു ആ ആദർശത്തിന്നുവേണ്ടി നിലകൊള്ളുന്നവരോടും സ്നേഹമുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ, സ്നേഹവും ഗുണകാംക്ഷയുമില്ലെന്നുമാത്രമല്ല അക്രമിക്കാനുള്ള മനഃസ്ഥിതികൂടിയുണ്ടെങ്കിൽ പിന്നെ ആദർശവാദത്തിനെന്തർത്ഥമാണുള്ളത്.

അതിപ്രധാനമായ ഒരു കാര്യംകൂടി ഇവിടെ ഓർക്കേണ്ടതുണ്ട്. മുസ്ലിമിൻെറ ജീവന്നും അഭിമാനത്തിന്നും ധനത്തിന്നും അല്ലാഹു സംരക്ഷണം നല്കിയിരിക്കയാണ്. എന്നുവരുമ്പോൾ അവക്ക് ഹാനിതട്ടിക്കുന്ന ഏതു പ്രവൃത്തിയും അല്ലാഹുവിനോടുള്ള രാജദ്രോഹവും ധിക്കാരവുമാണെന്നതിൽ സംശയമില്ല.

അതിനാൽ മുസ്ലിമിനെ ശകാരിക്കുന്നതും അവൻെറ അഭിമാനത്തിന്നു ക്ഷതം തട്ടിക്കുന്ന മററു പ്രവർത്തികളും, സാഹോദര്യമര്യാദകൾ മാത്രമല്ല ആദർശവിശ്വാസത്തിന്നും,ഈമാനിന്നും വിരുദ്ധ

മാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദേഹോപദ്രവമേല്പിക്കുന്നതും ജീവഹാനിവരുത്തുന്നതും എത്രമാത്രം ഭയങ്കരമാണെന്നു പിന്നീട് പറയേണ്ടതുണ്ടോ? "രണ്ടു മുസ്ലിംകൾ വാളെടുത്തു ഏററുമുട്ടിയാൽ കൊന്നവനും കൊല്ലപ്പെട്ടവനും നരകത്തിലാണ്" എന്നു മറെറാരു ഹദീസിലുണ്ട്. രണ്ടാളുടേയും ഉദ്ദേശം ഒന്നുതന്നെയായതാണ് അതിന്നു കാരണമെന്നു നബി (സ) തന്നെ വിശദീകരിച്ചിരിക്കുന്നു. "മുസ്ലിമിൻെറ രക്തവും അഭിമാനവും ധനവും മുസ്ലിമിന്നു ആദരണീയമാണെന്നും" റസൂൽകരീം (സ) ഊന്നിപ്പറഞ്ഞിട്ടുണ്ട്.

മതപരമായ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിലും രാഷ്ട്രീയത്തിൻെറ പേരിലും മററു ചില്ലറ കാര്യങ്ങൾക്കുവേണ്ടിയും അന്യോന്യം ശകാരം വർഷിച്ചു ശണ്ഠകൂടുകയും തമ്മിൽ തല്ലുകയും ചെയ്യുന്ന ഇന്നത്തെ മുസ്ലിംകൾ തങ്ങളുടെ ആദർശവിശ്വാസത്തെ സംബന്ധിച്ചു ഈ ഹദീസിൻെറ വെളിച്ചത്തിൽ ഒന്നു ചിന്തിച്ചെങ്കിൽ!

## 6

| | |
|---|---|
| നമുക്കെതിരിൽ ആരെങ്കിലും ആയുധമെടുത്താൽ | مَنْ حَمَلَ عَلَيْنَا السِّلَاحَ |
| അവൻ നമ്മളിൽ പെട്ടവനല്ല. | فَلَيْسَ مِنَّا |
| നമ്മെ ആരെങ്കിലും വഞ്ചിച്ചാൽ | وَمَنْ غَشَّنَا |
| അവൻ നമ്മളിൽ പെട്ടവനല്ല. | فَلَيْسَ مِنَّا (مسلم) |

മുസ്ലിംകൾക്കെതിരിൽ ആയുധമെടുത്തവനും, മുസ്ലിംകളെ വഞ്ചിച്ചവനും അവരിൽ പെട്ടവനല്ലെന്നുസാരം.

മുസ്ലിംകളെല്ലാം ആദർശബന്ധുക്കളും സഹോദരന്മാരുമാകുന്നു. അവർ അന്യോന്യം സഹായിക്കയും ഗുണകാംക്ഷയോടെ വർത്തിക്കയും ചെയ്യേണ്ടത് ഒഴിച്ചുകൂടാത്ത കടമയും ഈമാനിൻെറ ലക്ഷണവും കൂടിയാണെന്നു അല്ലാഹുവും റസൂലും പലേടത്തും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണല്ലോ.

മുസ്ലിംകളുടെ രക്തത്തിനും ജീവനും മാത്രമല്ല, അവരുടെ അഭിമാനത്തിന്നും ധനത്തിന്നും അല്ലാഹു സംരക്ഷണം നല്കിയിരിക്കുന്നു. അതിന്നെതിരായി ഒന്നും ചെയ്തുപോകരുതെന്നു ഇവിടെ പ്രത്യേകം താക്കീതുചെയ്തിരിക്കയാണ്.

ഇസ്ലാമിക സമൂഹത്തിൻെറ ഭദ്രതയും ഉറപ്പും നശിപ്പിക്കരുതെന്നു മാത്രമല്ല, അവ നിലനിർത്താൻ എല്ലാ ശ്രമങ്ങളും നടത്തണമെന്നും ഇസ്ലാം ശക്തിയായി ഉപദേശിക്കുന്നു. അതു സത്യവിശ്വാസത്തിൻെറ അടയാളമാണെന്ന് വിശുദ്ധ ഖുർആൻ തന്നെ പഠിപ്പിക്കുന്നു.

വിശ്വസ്ഥതയും സത്യസന്ധതയും ഈമാനിൻെറ അനിവാര്യഫലങ്ങളാണ്. അവയില്ലാത്തവക്ക ഈമാനില്ലെന്നു തന്നെ പല ഹദീസുകളിലും ഉണർത്തിയിട്ടുണ്ട്.

ഇക്കാര്യങ്ങളെല്ലാം മുമ്പിൽവെച്ചുകൊണ്ടു ചിന്തിക്കുമ്പോൾ ഈ ഹദീസിൻെറ അർത്ഥം വ്യക്തമാവുന്നതാണ്. ഇസ്ലാമിനെസ്നേഹിക്കുന്ന മുസ്ലിംകളുടെ നേരെ ആയുധമെടുക്കുന്നവക്ക് ഇസ്ലാമിൻെറ സാമൂഹ്യവ്യവസ്ഥയോടും സ്വന്തം ആദർശത്തിൽ വിശ്വസിക്കുന്ന സഹോദരന്മാരോടും എന്തു ഗുണകാംക്ഷയാണുള്ളത്? മുസ്ലിംകളുടെജീവന്നു അല്ലാഹു നൽകിയസംരക്ഷണത്തിന്നു അവർ വല്ല വിലയും കല്പിക്കുന്നുണ്ടോ? ഇസ്ലാമിൻെറ സാമൂ

ഹ്യവ്യവസ്ഥയെ തകക്കാനൊരുങ്ങിയ അവക്ക് ഇസ്ലാമിൽ വിശ്വാസമുണ്ടെന്നു വിചാരിക്കാൻ എന്തുന്യായമാണുള്ളത്.

ഇസ്ലാമിന്നു കടകവിരുദ്ധമായ ചതിയും വഞ്ചനയും, താൻ സ്നേഹിക്കയും സഹായിക്കയും ചെയ്യേണ്ടുന്ന സഹോദരങ്ങളോടു തന്നെ നടത്തുന്നവന്നു ഈമാനോ മനുഷ്യത്വമോ ഉണ്ടെന്നു പറയാൻ സാധിക്കുമോ? മര്യാദയുടെയും സത്യസന്ധതയുടേയും ഗുണകാംക്ഷയുടേയും, ഉറവിടമായ ഈമാനും ഇസ്ലാമും ഉണ്ടെന്നുവാദിക്കയും മനുഷ്യത്വത്തിന്നു തന്നെ നിരക്കാത്ത വഞ്ചന നടത്തുകയും ചെയ്യുന്നത് ഇസ്ലാമിനെ പരിഹസിക്കലല്ലാതെ മറെറന്താണ്.

വ്യക്തിപരമായ ചില്ലറ കാര്യങ്ങളിൽ വഞ്ചന നടത്തുന്നതു് കാപട്യത്തിൻെറ ലക്ഷണമാണെന്നാണ് നബി(സ) പഠിപ്പിക്കുന്നത്. കച്ചവടത്തിൽ വഞ്ചന പ്രവൎത്തിച്ച ഒരാളോടു "നമ്മെ വഞ്ചിച്ചവൻ നമ്മിൽ പെട്ടവനല്ല" എന്നു റസൂൽ കരീം (സ) പറഞ്ഞതായി ഹദീസിൽ വന്നിട്ടുണ്ട്.

എന്നാൽ കച്ചവടഇടപാടുകളിലും രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലും വഞ്ചനകൊണ്ടു മനുഷ്യർ പൊറുതിമുട്ടുന്ന ഇക്കാലത്ത് തികച്ചും സത്യസന്ധമായ ഒരു ജീവിതംനയിച്ചു ലോകത്തിന്നു കാണിച്ചുകൊടുക്കാൻ കടപ്പെട്ട മുസ്ലിംകൾ ഇന്നു അതിന്നു ഒരുക്കമുണ്ടോ? മതപരവും സാമ്പത്തികവും രാഷ്ട്രീയവുമായ ചില്ലറ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ നാക്കും പേനയും കഴിവിൽപെട്ട എല്ലാ ആയുധങ്ങളുമുപയോഗിച്ചു പരസ്പരം എതിക്കാനും തമ്മിൽ തല്ലാനും ഉപദ്രവിക്കാനും മുസ്ലിംകൾ ഇന്നു മടിക്കുന്നുണ്ടോ?

മാതൃകാപരമായ ഇസ്ലാമിക ജീവിതവും സത്യസന്ധതയും സാമൂഹ്യബോധവും മുസ്ലിംകളുടെ ഇടയിൽ ഒരു പ്രശ്നമാണോ?

എന്നാൽ ഇത്തരം നിലപാടു ഒരിക്കലും ഇസ്ലാമിക അടിസ്ഥാനങ്ങളോടു യോജിക്കയില്ലെന്ന പരമാർത്ഥമാണ് ഈ ഹദീസു പഠിപ്പിക്കുന്നത്.

7

| | |
|---|---|
| ആരെങ്കിലും അമ്പെയ്യാൻ പഠിക്കയും പിന്നെ അതു് ഉപേക്ഷിക്കയും ചെയ്താൽ | مَنْ تَعَلَّمَ الرَّمْيَ ثُمَّ تَرَكَهُ |
| അവൻ നമ്മിൽ പെട്ടവനല്ല. | فَلَيْسَ مِنَّا (مسلم) |

അസ്ത്രവിദ്യ പഠിച്ചശേഷം അത് ഉപേക്ഷിച്ചു കളയുന്നവനു ഇസ്ലാമിക സമൂഹത്തോട് ബന്ധമില്ല എന്നു സാരം.

മുൻകാലങ്ങളിൽ സമരരംഗത്തു ഏററവുമധികം ഉപകരിക്കുന്ന ഒരു വിദ്യയായിരുന്നു അസ്ത്രപ്രയോഗം. സമർത്ഥരായ വില്ലാളികളുണ്ടായാൽ ശത്രുക്കളുടെ ആക്രമണത്തെ ചെറുക്കാനും അവരെ ജയിച്ചടക്കാനും പ്രയാസമില്ലായിരുന്നു. അല്ലെങ്കിൽ കാര്യം അപകടത്തിലാവുകയും പതിവായിരുന്നു. ഉഹ്ദുയുദ്ധത്തിൽ മുസ്ലിംകൾക്കു് ആദ്യം അസാധാരണമായ വിജയമുണ്ടായത് മികച്ച വില്ലാളികൾ മുഖേനയായിരുന്നുവെന്നും അവർ സ്ഥലം വിട്ടപ്പോഴാണ് ശത്രുക്കൾക്ക് ആക്രമണം നടത്താൻ കഴിഞ്ഞതെന്നും നമുക്കറിവുള്ളതാണല്ലോ. അസ്ത്രവിദ്യക്ക് ഇത്രയധികം പ്രാധാന്യമുണ്ടാകാൻ കാരണമതാണ്.

ഇവിടെ നിന്നു നമുക്കൊരു കാര്യം വ്യക്തമായി മനസ്സിലാക്കാം. ഇസ്ലാമിനെ സംരക്ഷിക്കാനും വിജയിപ്പിക്കാനും, അതിൻെറ ശത്രുക്കളെ പരാജയപ്പെടുത്താനും ആവശ്യമായ വിദ്യകൾ അഭ്യസിക്കുകയും, അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണ്ടതു മുസ്ലിംകളുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമാണ്. അത്തരം വിദ്യകൾക്കു ഇ

സ്ലാം വളരെയധികം പ്രാധാന്യം കൽപ്പിക്കുയും പ്രോത്സാഹനം നല്കുകയും ചെയ്തിരിക്കുന്നു. മററു വിഷയങ്ങളിൽ പന്തയം വിരോധിച്ചതോടൊപ്പം കുതിരസവാരിയിലും, അസ്ത്രപ്രയോഗത്തിലും പന്തയം വെക്കാൻ ഇസ്ലാം അനുവദിച്ചിരിക്കുന്നത് തന്നെ അതിന്നു മതിയായ തെളിവാണ്. എന്നുമാത്രമല്ല, അത്തരംവിദ്യകളിൽ താല്പര്യമില്ലാതിരിക്കുന്ന മുസ്ലിംകൾക്ക് ഇസ്ലാമിനോടു സ്നേഹമോ ഗുണകാംക്ഷയോ ഇല്ല, എന്ന വാസ്തവമാണ് ഈ നബിവചനം എടുത്തുകാട്ടുന്നത്. ഇസ്ലാമിനെ നശിപ്പിക്കാൻ വേണ്ടി ശത്രുക്കൾ വായപിളന്നു പാഞ്ഞടുക്കുമ്പോൾ അതിനെ സംരക്ഷിക്കാനാവശ്യമായവിദ്യകളിൽ താല്പര്യം കാണിക്കാത്തവർക്ക് ഇസ്ലാമിനോടു സ്നേഹമുണ്ടെന്നു പറയാൻ ആർക്കാണ് സാധിക്കുക.

ഇസ്ലാം ആയുധധാരികളായ ശത്രുക്കളാൽ വലയംചെയ്യപ്പെട്ടിരുന്ന അവസരത്തിൽ ഇസ്ലാമിൻെറ സംരക്ഷണത്തിന്നു കൂടുതൽ ഉപകാരപ്രദമായ ആയുധം അസ്ത്രമായിരുന്നുവെങ്കിലും ഇന്നത്തെ നില അതിൽനിന്നു വ്യത്യസ്തമാണെന്നു പ്രത്യേകം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഭൗതികത്വവും അതിനോടു ബന്ധപ്പെട്ട ആശയങ്ങളും ആദർശങ്ങളുമാണ് ഇന്നു ഇസ്ലാമിൻെറനേരെ ശക്തിയായ ആക്രമണം നടത്തികൊണ്ടിരിക്കുന്നത്. അതിനാൽ ആദർശപരമായ ഈ സമരത്തിൽ ഇസ്ലാമിനെ വിജയിപ്പിക്കാൻ ഏററവും ഉപകരിക്കുന്ന ആയുധങ്ങളാണ് ഇന്നു അത്യാവശ്യമായിട്ടുള്ളത്. നിഷ്കളങ്കമായ ഇസ്ലാമിക ജീവിതവും ശാസ്ത്രീയമായുള്ള ഇസ്ലാമിക വിജ്ഞാനവും, ആദർശ പ്രചരണത്തിന്നാവശ്യമായ ആധുനിക വിജ്ഞാനങ്ങളും, എഴുത്തു, പ്രസംഗം, സാഹിത്യ പ്രവർത്തനം, എന്നിവയിലുള്ള മികച്ച കഴിവും, മനുഷ്യ സേവനവികാരവും ത്യാഗസന്നദ്ധതയും മാതൃകായോഗ്യമായ സംഘടനയും അതിനെല്ലാം പ്രേരിപ്പിക്കുന്ന ഈമാനും ഉണ്ടെങ്കിൽ മാത്രമേ ഇന്നു ഇസ്ലാമിനെ സംരക്ഷിക്കാനും വിജയിപ്പിക്കാനും കഴിയുകയുള്ളൂ. ഇസ്ലാമിൻെറ, ശാശ്വതമായവിജയോപകരണങ്ങളാണിവ. ഇവ കൂടാതെ ഇസ്ലാമിനെ വിജയിപ്പിക്കാൻ കഴിയുമെന്നു വിചാ

രിക്കുന്നത് അജ്ഞത മാത്രമാണെന്നു പ്രത്യേകം ഓർക്കേണ്ടിയിരിക്കുന്നു. ഇസ്ലാം നാനാഭാഗത്തുനിന്നും പലവിധത്തിൽ എതിർക്കപ്പെടുന്ന ഇക്കാലത്തു ഈ വിഷയങ്ങളിൽ ശ്രദ്ധയില്ലാത്തവർക്കു ഇസ്ലാമിനോടു ഗുണകാംക്ഷയുണ്ടെന്നു പറയാൻ സാധ്യമല്ലെന്നു കൂടി ഇവിടെ വെച്ചു മനസ്സിലാക്കാൻ പ്രയാസമില്ല.

ഓരോ കാലത്തും ഇസ്ലാമിനെ വിജയിപ്പിക്കാൻ ആവശ്യമായ കഴിവുകളും ഉപകരണങ്ങളും കഴിയുന്നതു സംഭരിക്കണമെന്നും അതിന്നുള്ള വികാരമില്ലാത്തവർക്ക് ഇസ്ലാമിനോടു സ്നേഹമില്ലെന്നുമുള്ള പരമാർത്ഥമാണ് ഇതുപോലുള്ള ഹദീസുകളിൽനിന്നു നാം ഗ്രഹിക്കേണ്ടത്.

## 8

| | |
|---|---|
| നമ്മുടെ കൂട്ടത്തിൽ പെട്ടവരല്ല | لَيْسَ مِنَّا |
| കവിളത്ത് അടിച്ചവരും | مَنْ ضَرَبَ الْخُدُودَ |
| മാറുകൾ വലിച്ചു കീറിയവരും | وَشَقَّ الْجُيُوبَ |
| അനിസ്ലാമിക കാലത്തെ വിളിച്ചുകരയൽ കരഞ്ഞവരും | وَدَعَا بِدَعْوَةِ الْجَاهِلِيَّةِ |
| | (بخارى، مسلم) |

കവിളത്തടിച്ചു നിലവിളിക്കുകയും, കുപ്പായം വലിച്ചു കീറിക്കരയുകയും, അനിസ്ലാമിക കാലത്തെപ്പോലെ, മരിച്ചുപോയവരെച്ചൊല്ലി നിലവിളിക്കയും ചെയ്യുന്നവർ നമ്മുടെ കൂട്ടത്തിൽ പെട്ടവരല്ലെന്നുസാരം.

പ്രിയപ്പെട്ടവർ മരിച്ചുപോയാൽ വെപ്രാളം കാണിച്ച് മുഖത്തടിച്ചുകരയുകയും വസ്ത്രം വലിച്ചു കീറുകയും, മരണപ്പെട്ട

ആളുടെ ഗുണങ്ങൾ എണ്ണിപ്പറഞ്ഞു നിലവിളിക്കുകയും ചെയ്യുന്നത് ഇസ്ലാമിൻെറ മുമ്പുള്ള ജാഹിലീകാലത്തെ സമ്പ്രദായമായിരുന്നു. മാത്രമല്ല അതെല്ലാം നല്ല കാര്യങ്ങളായിക്കരുതുകയും, അതിൽ അഭിമാനം കൊള്ളുകയും, അങ്ങിനെയെല്ലാം ചെയ്യേണമെന്നു, മരിക്കുന്നതിന്നുമുമ്പു സ്നേഹജനങ്ങളോടു വസിയ്യത്ത് ചെയ്യുകയും പതിവായിരുന്നു. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകിയ ജനവിഭാഗങ്ങൾക്കിടയിൽ ഇത്തരം സമ്പ്രദായങ്ങൾ ഇന്നും നില നില്ക്കുന്നതായിക്കാണാം.

ഇസ്ലാം ഇത്തരം ആചാരസമ്പ്രദായങ്ങളെ കഠിനമായി തടഞ്ഞിരിക്കുന്നു. ഒരാളുടെ മരണശേഷം അയാളുടെ ഉപദേശത്തോടു കൂടിയോ ഇഷ്ടത്തോടുകൂടിയോ, മററുള്ളവർ ആയാളെ ച്ചൊല്ലി നിലവിളിച്ചാൽ അതിൻെറ പേരിൽ അയാളും ശിക്ഷിക്കപ്പെട്ടുമെന്നു ഹദീസുകളിലുണ്ട്. ആരെങ്കിലും മരണപ്പെട്ടാൽ ഒരാൾ ഒട്ടകപ്പുറത്തുകയറി, വിലാപത്തോടെ മരണവാർത്ത അറിയിക്കുന്ന സമ്പ്രദായമുണ്ടായിരുന്നതും ഇസ്ലാം വിരോധിച്ചിരിക്കുന്നു. മരണപ്പെട്ടവരുടെ ഗുണഗണങ്ങൾ വാഴ്ത്തിപ്പറഞ്ഞു വ്യസനം പ്രകടിപ്പിക്കുന്ന സമ്പ്രദായവും അതിൽപ്പെട്ടതാണെന്നു പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്.

ഇഷ്ടജനങ്ങൾ മരിച്ചുപോയാൽ, മനസ്സിൽ ദുഃഖമുണ്ടാകുന്നതും, കണ്ണിൽനിന്നു കണ്ണുനീരൊഴുകുന്നതും ഇസ്ലാം വെറുക്കുന്നില്ല. കാരണം, അതുമനുഷ്യൻെറ നിയന്ത്രണത്തിൽ പെട്ടതല്ല; കാരുണ്യത്തിൻേറയും മനുഷ്യത്വത്തിൻേറയും അടയാളങ്ങളായ വ്യസനവും കണ്ണുനീരും പ്രകൃതിമതമായ ഇസ്ലാമിൻെറ സ്വഭാവത്തിന്നെതിരല്ലതാനും. മരിച്ചആൾക്കും കുഡുംബത്തിന്നുംവേണ്ടി പ്രാത്ഥിക്കാനും, ദുഃഖാർത്തരായ കുടുംബത്തെ സമാധാനിപ്പിക്കാനും, ഭക്ഷണം തയ്യാർചെയ്തുകൊടുത്തും സാന്ത്വനവാക്കുകൾ പറഞ്ഞും അവരെ ആശ്വസിപ്പിക്കാനും, മററുള്ളവരെ ഇസ്ലാം ഉപദേശിക്കുന്നു.

എന്നാൽ എല്ലാ കാര്യങ്ങളിലും മിതത്വം പാലിക്കണമെന്നു നിഷ്കർഷിക്കുന്ന ഇസ്ലാം, അമിതമായ ദുഃഖ പ്രകടനങ്ങൾ കർശനമായി തടയുകയാണ് ചെയ്തിരിക്കുന്നത്. ആപത്തുകളും മരണവും സംഭവിക്കുമ്പോൾ "انا لله وانا اليه راجعون" എന്നു പറയാനാണ് ഇസ്ലാം കല്പിക്കുന്നത്. "ഞങ്ങൾ അല്ലാഹുവിനുള്ളതാണ് ഞങ്ങൾ അവങ്കലേക്ക് മടങ്ങുന്നവരുമാണ്, തീർച്ച" എന്നാണ് ഈ വാക്യത്തിൻെറ അർത്ഥം. ഇസ്ലാമിൻെറ അടിസ്ഥാന വിശ്വാസമാണ് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നത്. അല്ലാഹുവിൻെറ പൂർണ്ണമായ ഉടമയിലും അധീനത്തിലും ജീവിക്കുന്ന മനുഷ്യനെ അല്ലാഹു ഉദ്ദേശിക്കുമ്പോൾ ഈ ലോകത്തു നിന്നു മടക്കി വിളിക്കുമെന്നത് തീർച്ചതന്നെ. ആ യാത്രക്കു മുൻകൂട്ടി തയ്യാറെടുക്കുകയല്ലാതെ, അതിനെസംബന്ധിച്ചു വിലപിച്ചിട്ടു കാര്യമില്ല. എന്നു മാത്രമല്ല, ആ സമയത്ത് അമിതമായ ദുഃഖപ്രകടനങ്ങൾ നടത്തുന്നതിൽ അല്ലാഹുവിൻെറ നിശ്ചയത്തെസംബന്ധിച്ച തൃപ്തിക്കുറവും ഉണ്ടെന്നത് വ്യക്തമാണ്. അല്ലാഹുവിൻെറ നിയമനിശ്ചയങ്ങൾക്ക് സർവ്വവിധേനയും കീഴ്പ്പെടണമെന്നാണ് "ഞങ്ങൾ അല്ലാഹുവിനുള്ളതാണ്" എന്നവാക്യം പഠിപ്പിക്കുന്നത്. ആപത്തുകൾ സംഭവിക്കുമ്പോൾ അതാണ് പറയേണ്ടതെന്നു കല്പിക്കുന്നതിൻെറ അർത്ഥം നമുക്ക് മനസ്സിലാക്കാമല്ലോ. ക്ഷമയ്ക്കും 'തവക്കുലി'നും ഇസ്ലാമിലുള്ള സ്ഥാനവും ഇവിടെവെച്ച മനസ്സിലാക്കാവുന്നതാണ്.

ചുരുക്കത്തിൽ ആപത്തുകൾ സംഭവിക്കുമ്പോൾ മനുഷ്യസഹജമായ വ്യസനവും കണ്ണുനീരും നിറുത്തുക സാധ്യമല്ലാത്തതിനാൽ ഇസ്ലാം അത് അനുവദിച്ചിരിക്കുന്നു. അതിൽ കവിഞ്ഞുള്ള വ്യസനപ്രകടനങ്ങൾ യഥാർത്ഥത്തിൽ പ്രതിഷേധപ്രകടനങ്ങളാകുന്നു. സർവ്വവിധേനയും അല്ലാഹുവിൻെറ വിധിക്കു മുമ്പിൽ തലകുനിക്കുകയും എല്ലാം അവൻേറതാണെന്ന ബോധത്തോടെ ജീവിക്കയും, എല്ലാം അവനിൽ ഭരമേല്പിക്കയും ചെ

ധ്യേണമെന്നു പഠിപ്പിക്കുന്ന ഇസ്ലാമിക വിശ്വാസത്തോടു ഈ വിധം പ്രതിഷേധ പ്രകടനങ്ങൾ ഒരിക്കലും യോജിക്കയില്ല. അനിസ്ലാമികമായ ഇത്തരം ആചാര സമ്പ്രദായങ്ങൾ വെച്ചുപോററുന്നവർ ഇസ്ലാമികചിന്താഗതി മുഴുവനായി സ്വീകരിച്ചിട്ടില്ലഎന്നാണ് മനസ്സിലാക്കേണ്ടത്.

**9**

| | |
|---|---|
| ഒരാൾ തൻെറ സഹോദര നോടു പറഞ്ഞാൽ | اذا قال الرجل لاخيه |
| കാഫിറേ എന്നു | يا كافر |
| അവരിൽ ഒരാൾ അതു ഏറെറടുത്തു കഴിഞ്ഞു | فقد باء بها أحدهما |
| അയാൾ അവൻ പറഞ്ഞതു പോലെ യാണെങ്കിൽ അങ്ങിനെ | فإن كان كما قال |
| അല്ലാത്തപക്ഷം അത് അവനിലേക്ക് തന്നെ മടങ്ങി | وإلا رجعت عليه |
| | (بخاری مسلم) |

ഒരു മുസ്ലിം തൻെറ മുസ്ലിം സഹോദരനെ കാഫിറെന്നു വിളിച്ചാൽ രണ്ടിലൊരാൾ കാഫിറാണ്. വിളിക്കപ്പെട്ട ആൾ യഥാൎത്ഥത്തിൽ കാഫിറല്ലെങ്കിൽ വിളിച്ചവൻ കാഫിറാകുമെന്നു സാരം. ഇതേ അൎത്ഥത്തിലുള്ള ഹദീസുകൾ വേറേയും ധാരാളമുണ്ട്.

ലോക സ്രഷ്ടാവിനേയും, അവൻെറ ഗുണങ്ങളേയും, അധികാരാവകാശങ്ങളേയും, നിയമനിൎദ്ദേശങ്ങളേയും പ്രവാചകരേയും ധിക്കരിച്ചു തള്ളിക്കളയുന്നവനും നിഷേധിക്കുന്നവനുമാണ് "കാഫിർ" നന്ദികേടിൻെറയും, അഹങ്കാരത്തിൻെറയും

സത്യനിഷേധത്തിൻേറയും പര്യായമാണ് "കുഫ്ർ". അതി നാൽ, പരലോകത്ത് ലോകസ്രഷ്ടാവിൻെറ കരുണക്ക് ഒരിക്കലും അവൻ അർഹനായിത്തീരുകയില്ല. ഇസ്ലാമിനെ സം ബന്ധിച്ച് അല്പമെങ്കിലും വിവരമുള്ള ആൎക്കും അറിവുള്ള പരമാ ൎത്ഥങ്ങളാണിതെല്ലാം.

ഇത്രയും ഭയങ്കരമായ ആരോപണം, അല്ലാഹുവിനെ അ നുസരിക്കുന്ന ഒരു മുസ്ലിം സുഹൃത്തിനെസംബന്ധിച്ച പുറപ്പെടുവി ക്കുമ്പോൾ, അതിൻെറ ഗൗരവം എത്രയാണെന്നു പറയേ ണ്ടതുണ്ടോ

ഇനി മറെറാരുകാര്യമെടുക്കാം. ഒരാൾ യഥാൎത്ഥത്തിൽ മുസ്ലിമും മുഅ്മിനുമാണെങ്കിൽ, ആയാളിൽ ഉള്ളത് ഈമാനും ഇ സ്ലാമുമാണല്ലോ. എന്നിരിക്കെ അയാളെ കാഫിറെന്നു വിളിക്കു മ്പോൾ, ആയാളിലുള്ള ഈമാനും ഇസ്ലാമും കുഫ്റാണെന്നല്ലേ അ തിൻെറ അൎത്ഥം! ഈമാനും ഇസ്ലാമും കുഫ്റാണെന്നു വാദി ക്കാൻ കാഫിറിന്നല്ലാതെ സാധ്യമാണോ? അതിനാൽ, അല്ലാ ഹുവിനേയും റസൂലിനേയും, ഇസ്ലാമിനേയും, തരിമ്പും വിലവെ ക്കാത്ത ഒരാൾക്കല്ലാതെ, ഒരു മുസ്ലിമിനെ കാഫിറെന്നു വിളി ക്കാൻ ധൈര്യം വരികയില്ലെന്നു വ്യക്തമാണ്.

ഒരു വ്യക്തി മറെറാരു വ്യക്തിയെ കാഫിറാക്കുന്നതും, നേരിട്ടു കാഫിറെന്നു വിളിക്കുന്നതും മാത്രമല്ല, ഇവിടെ ഉദ്ദേശി ക്കപ്പെടുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു മുസ്ലിമിനെ കാഫിറെന്നു വിളിച്ചവൻ കാഫിറാകുമെങ്കിൽ, പത്തു മുസ്ലിംകളെ ഒന്നായി കാഫിറാക്കുമ്പോൾ, അതിൻെറ ഗൗരവം പതിന്മടങ്ങു വൎദ്ധിക്കയെല്ലാതെ, കുറയാൻ എന്തു ന്യായമാണു ള്ളത്! നേരിട്ടു കാഫിറെന്നു വിളിക്കുന്നതിന്നു, ധൈര്യക്ഷയ മോ, സൗകര്യമില്ലായ്മയോ ചിലപ്പോൾ തടസ്ഥമായിവരാം. എന്നാൽ അതുകൊണ്ടു കാര്യത്തിൻെറ ഗൗരവം ഒരു വിധത്തിലും

കുറയുകയില്ല. മുസ്ലിമിനെ സംബന്ധിച്ചു, കാഫിറെന്നു വിധി കൽപിക്കുകയോ പ്രസ്താവിക്കുകയോ ചെയ്യുന്നതാണ് പ്രശ്നം; എഴുത്തും പ്രസംഗവും ഫത്‌വയുമെല്ലാം ഈ വിഷയത്തിൽ സമമാണെന്നതിൽ പക്ഷാന്തരമുണ്ടാവാൻ ഒരിക്കലും അവകാശമില്ല.

എന്നാൽ മുസ്ലിം സമുദായത്തിൻെറ ഇന്നത്തെ അവസ്ഥയെന്താണെന്നു ചിന്തിച്ചു നോക്കുക! ആരാധനാപരമോ രാഷ്ട്രീയമോ, കർമ്മപരമോ ആയ വിഷയങ്ങളിൽ ആക്കെങ്കിലും വല്ല അഭിപ്രായവ്യത്യാസവുമുണ്ടെന്നറിഞ്ഞാൽ, അവരെ കാഫിറാക്കുന്ന പ്രസംഗകന്മാക്കും, എഴുത്തുകാക്കും, ഫത്ത്‌വക്കാക്കും ഇന്നുവല്ല ക്ഷാമവുമുണ്ടോ? വ്യക്തികൾ മാത്രമല്ല, സംഘടനകൾ തന്നെ, ഇത്തരം ഗുരുതരമായ ആപത്തിൽ അകപ്പെടുന്നതു കാണുമ്പോൾ, ഏതു മുസ്ലിമിൻെറ ഹൃദയമാണ് വേദനിക്കാതിരിക്കുക!

നൂററുകണക്കിലും ആയിരക്കണക്കിലുമുള്ള മുസ്ലിംകളെസംബന്ധിച്ച്, ഇസ്ലാമിൽനിന്നു പുറത്തുപോയവരാണെന്നും, ഇസ്ലാമിൻെറ മൗലിക സിദ്ധാന്തങ്ങളിൽ നിന്നു വ്യതിചലിച്ചവരാണെന്നും വിധി പ്രസ്താവിക്കാൻ, ആലിമിന്നും ജാഹിലിന്നും മടിയില്ലാത്ത സ്ഥിതിയിലേക്ക്, മുസ്ലിം സമുദായം അധഃപതിച്ചു പോയത് എത്ര വ്യസനകരമാണ്!!

കുഫ്ർ ആരോപിക്കുന്നതുമാത്രമല്ല മററുള്ള ദുരാരോപണങ്ങൾ നടത്തുന്നതും വളരെ ആപൽക്കരമാണെന്നു, ഇസ്ലാം വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. നബി (സ) മററൊരു ഹദീസിൽ പറഞ്ഞിരിക്കുന്നത് ഇങ്ങിനെയാണ്.

45722

9

| | |
|---|---|
| ഒരുവൻ മററൊരുവനെ കുഫ്ർ കൊണ്ട് സംബോധന ചെയ്തു, | مَنْ دَعَا رَجُلًا بِالْكُفْرِ |
| അല്ലെങ്കിൽ അല്ലാഹുവിൻെറ ശത്രു എന്നു വിളിച്ചു, | أَوْ قَالَ عَدُوَّ اللهِ |
| ആയാൾ അങ്ങിനെയല്ലതാനും | وَلَيْسَ كَذَٰلِكَ |
| എന്നാൽ അതു അവനിലേക്കുതന്നെ മടങ്ങാതെയിരിക്കില്ല. | إِلَّا حَارَ عَلَيْهِ |

(بخاری مسلم)

അല്ലാഹുവിൻെറ ശത്രു, ഇസ്ലാമിൻെറ ശത്രു, മുസ്ലിം ശത്രു, എന്നൊക്കെപ്പറഞ്ഞാൽ അത്ഥത്തിൽ വലിയ വ്യത്യാസമൊന്നമില്ല. മുസ്ലിമിന്നു ഒരിക്കലും അല്ലാഹുവിനോടോ, ഇസ്ലാമിനോടോ, മുസ്ലിംകളോടോ ശത്രുതയുണ്ടാകാൻ നിവൃത്തിയില്ലെന്നത് വ്യക്തമാണല്ലോ. അതിനാൽ ഇത്തരം പദപ്രയോഗങ്ങളെല്ലാം, കാഫിറെന്നു വിളിക്കുന്നപോലെതന്നെ ഗൗരവമുള്ളവയാണെന്നതിൽ സംശയമില്ല.

ചുരുക്കത്തിൽ, ഇസ്ലാമിൻെറ അടിസ്ഥാന സിദ്ധാന്തങ്ങൾക്കും പരിശുദ്ധിക്കും എതിരായ ഇത്തരം പദപ്രയോഗങ്ങൾ മനുഷ്യൻെറ ഈമാൻ അപകടപ്പെടുത്തുന്നവയാണ്. അല്ലാഹുവിനെ ഭയപ്പെടുകയും ഇസ്ലാമിനെ ആത്മാത്ഥമായി സ്നേഹിക്കയും ചെയ്തിരുന്ന പൗരാണിക പണ്ഡിതന്മാർ, ഇതിനേക്കാൾ നിസ്സാരമായ പദങ്ങൾപോലും ഉപയോഗിക്കാൻ വളരെയധികം ഭയപ്പെട്ടിരുന്നുവെന്നു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

**10**

| | |
|---|---|
| നിങ്ങളുടെ പിതാക്കളിൽ നിന്നു നിങ്ങഠം വിമുഖരാവരുത് | لا ترغبوا عن ابائكم |
| എന്തുകൊണ്ടെന്നാൽ ആരെങ്കിലും തൻെറ പിതാവിൽനിന്നു വിമുഖത കാണിക്കുന്നപക്ഷം | فمن رغب عن ابيه |
| അത് കുഫ്റാകുന്നു. | فهو كفر (مسلم) |

ഒരാഠം തൻെറ പിതാവിനെ തള്ളിക്കളയുകയും അയാഠം പിതാവാണെന്നകാര്യം നിഷേധിക്കയും ചെയ്യുന്നതിനെ സംബന്ധിച്ചാണ്, ഇവിടെ വിമുഖതകാണിക്കുക എന്നു പറഞ്ഞിരിക്കുന്നത്. അത് കുഫ്റാണെന്ന് ഇവിടെ ചൂണ്ടികാണിച്ചിരിക്കയാണ്.

ഒരാഠം തൻെറ പിതാവിനെ നിഷേധിക്കുന്നത് എങ്ങിനെയാണ് കുഫ്റിൽ ഉഠംപ്പെടുക എന്നു ചിലർ സംശയിക്കാനിടയുണ്ട്. എന്നാൽ അതിന്നു മതിയായ കാരണമുണ്ടെന്നു അല്പം ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

ഇസ്ലാം ആത്മീയവും വ്യക്തിപരവുമായ ചില നിയമങ്ങളുടെ മാത്രം സമാഹാരമല്ല; പരിശുദ്ധമായ ഒരു സമൂഹത്തിന്നാവശ്യമായ സാമൂഹ്യ സാംസ്കാരിക നിയമങ്ങളും ഇസ്ലാമിലുണ്ട്. അവ സ്വീകരിക്കാതെ ആക്കും മുസ്ലിമാവുക സാദ്ധ്യമല്ല.

സാമൂഹ്യ ജീവിതത്തിൻെറ പ്രഥമ ഘടകവും പ്രധാന ഭാഗവുമാണ് കുഡുംബജീവിതം. സാമൂഹ്യ ജീവിതത്തിൻെറ പരിശുദ്ധിക്കും കെട്ടുറപ്പിന്നും, കുഡുംബജീവിതം ഭദ്രമായിരിക്കേണ്ടത് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്. കുഡുംബജീവിതം ക

ത്തഴിഞ്ഞ സമുദായത്തിൽ, സാമൂഹ്യവും സാംസ്കാരികവുമായ മിക്ക നിയമങ്ങളും ധർമ്മങ്ങളും നിലനിൽക്കുക സാദ്ധ്യമല്ല. ഇതു യുക്തികൊണ്ടും അനുഭവംകൊണ്ടും തെളിഞ്ഞ പരമാർത്ഥമാണ്.

കുടുംബ ജീവിതത്തിൻെറ പ്രഥമവും അതിപ്രാധാനവുമായ ഭാഗം വൈവാഹിക ജീവിതവും മാതാപിതാക്കളോടുള്ള ബന്ധവുമാണെന്നു പ്രത്യേകം ഓർക്കേണ്ടതാണ്. അവക്കു തകരാറു സംഭവിച്ചാൽ കുടുംബ ജീവിതത്തിൻെറ തറക്കല്ലിളകിക്കഴിഞ്ഞു എന്നു കണക്കാക്കാം. അത്തരം സമുദായത്തിലെ മനുഷ്യനും, മൃഗവും തമ്മിൽ വലിയ അന്തരമുണ്ടാവില്ല. അവിടെ പരിശുദ്ധമായ സാമൂഹ്യ ധർമ്മങ്ങൾ ശ്വാസം മുട്ടി നശിക്കുന്നതുകാണാം. അതിനാൽ, വൈവാഹിക ജീവിതത്തിനും മാതാപിതാക്കളോടുള്ള ബന്ധത്തിന്നും ഇസ്ലാം സർവ്വപ്രധാനമായ സ്ഥാനം കല്പിച്ചിരിക്കുന്നു. കർശനമായ നിയമങ്ങളും, ഉപദേശങ്ങളും ശിക്ഷാ നടപടികളുമാണ്, ഈ വിഷയത്തിൽ ഇസ്ലാമിന്നുള്ളത്. അല്ലാഹുവിനെയും രക്തബന്ധത്തേയും സൂക്ഷിക്കണം, എന്നു, ഏകസ്വരത്തിൽ ഒരേ സ്ഥലത്ത് വിശുദ്ധഖുർആൻ കല്പിച്ചിരിക്കുന്നു. ദൈവ ശത്രുക്കളായ മാതാപിതാക്കളോടു പോലും നല്ല നിലയിൽ വർത്തിക്കാൻ ഖുർആൻ ശാസിക്കുന്നു. ഇതെല്ലാം വകവെക്കാത്തവന്നു ഇസ്ലാമുമായി എത്രമാത്രം ബന്ധമുണ്ടാകുമെന്നു ചിന്തിച്ചാൽ മനസ്സിലാക്കാമല്ലോ.

എന്നാൽ പലകാര്യങ്ങളിലുമെന്നപോലെ ഇക്കാര്യത്തിലും, വളരെ മോശമായ ഒരു നിലപാടാണ്, ഇസ്ലാമിന്നു മുമ്പു അറബികൾക്കിടയിലുണ്ടായിരുന്നത്. ഇസ്ലാമിക സിദ്ധാന്തങ്ങൾക്ക് കടകവിരുദ്ധമായ പലതും അവരുടെ കുത്തഴിഞ്ഞ "ജാഹിലീ" കുടുംബ ജീവിതത്തിൽ സ്ഥലം പിടിച്ചിരുന്നു. പിതാവിനെ നിഷേധിക്കലും, താൽപര്യമുണ്ടെങ്കിൽ, പുതിയ സന്താനങ്ങളേയും പിതാക്കളേയും സ്വീകരിക്കലും അവർക്കിടയിൽ നടന്നിരുന്നു. ദൈവിക നിയമങ്ങൾ അംഗീകരിക്കാത്ത ഇന്നത്തെ

"പുത്തൻ ജാഹിലിയ്യത്തി" ൻെറ ആരാധകർക്കിടയിലും, വൈവാഹിക ജീവിത നിയമങ്ങൾക്ക് വലിയ പ്രാധാന്യമൊന്നുമില്ലെന്ന് നമുക്കറിയാമല്ലോ. ബലാൽസംഗം മാത്രമേ സ്ത്രീപുരുഷബന്ധത്തിൽ തെററുള്ളൂ, എന്നേടത്തോളം അവർ എത്തിക്കഴിഞ്ഞിരിക്കുന്നു. അനിസ്ലാമിക ചിന്താഗതികൾ എക്കാലത്തും സ്വഭാവത്തിൽ യോജിച്ചിരിക്കുമെന്നത് തീർച്ചയാണ്. മാത്രമല്ല, വൈവാഹികജീവിതനിയമങ്ങളും, സന്താനങ്ങളും മാതാപിതാക്കളും തമ്മിലുള്ള ബന്ധവും, അനന്തിരാവകാശനിയമങ്ങളും, മതത്തിൻെറ പഴയവേരുകളാണെന്നും ബ്രഷ്ടാസമ്പ്രദായത്തിൻെറ അവശിഷ്ടങ്ങളാണെന്നും, അവ നശിച്ചു പോകണമെന്നും 'പുതിയ ജാഹിലിയ്യത്തു''കാർക്ക് നിർബ്ബന്ധമുണ്ട്. അങ്ങിനെ, പഴയ തുണിയും മില്ലും തമ്മിലുള്ള ബന്ധത്തേക്കാൾ കൂടുതലുള്ള ഒരു ബന്ധവും, മാതാപിതാക്കളും സന്താനങ്ങളും തമ്മിൽ ഉണ്ടാവാൻ സാധ്യമല്ലാത്ത ഒരുസമുദായഘടനയാണ് അവർ കെട്ടിപ്പടുക്കാനുദ്ദേശിക്കുന്നത്. മററു പലതിലും അവർ വിഡ്ഢിത്തം പിണഞ്ഞിട്ടുണ്ടെങ്കിലും, മതത്തെ നശിപ്പിക്കാൻ സ്വീകരിച്ച ഈ മാർഗ്ഗത്തിൽ അവരുടെ സാമർത്ഥ്യം, പിശാചിന്ന്പോലും അസൂയ തോന്നത്തക്കതാണ്. മററു മതവിഭാഗങ്ങൾ എന്തുതന്നെ പറഞ്ഞാലും, ഇസ്ലാമിൻെറ സാമൂഹ്യഘടനക്കും ധാർമ്മികസാംസ്കാരികനിയമങ്ങൾക്കും കടകവിരുദ്ധമാണ് ഇത്തരം ചിന്താഗതികൾ. കാരണം, സാമൂഹ്യസാംസ്കാരികജീവിതത്തെ ഒഴിച്ചുനിർത്തിച്ചിന്തിക്കാൻ സമ്പൂർണ്ണജീവിതപദ്ധതിയായ ഇസ്ലാമിനെസ്സംബന്ധിച്ചേടത്തോളം സാധ്യമല്ല; അങ്ങിനെ ചിന്തിക്കുന്നവർക്ക് ഇസ്ലാമുമായി ബന്ധവുമില്ല എന്ന പരമാർത്ഥമാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്. മറെറാരു ഹദീസ്കൂടി കാണുക:

## 12

| | |
|---|---|
| ഇസ്ലാമിൽ, ആരെങ്കിലും തന്റെ പിതാവല്ലാത്ത ഒരു പിതാവിനെ വാദിച്ചു | مَنْ ادَّعَى اَبًا فِي الْإِسْلَامِ غَيْرَ اَبِيهِ |
| ആയാറം തന്റെ പിതാവല്ലെന്നു അറിഞ്ഞു കൊണ്ട് | وَهُوَ يَعْلَمُ اَنَّهُ غَيْرُ اَبِيهِ |
| എന്നാൽ സ്വർഗ്ഗം അവന്നു ഹറാമാകുന്നു. | فَالْجَنَّةُ عَلَيْهِ حَرَامٌ |

بُخَارِي . مُسْلِم

മുമ്പ് പറഞ്ഞ വിഷയങ്ങളുടെ ഗൗരവം തന്നെയാണ് ഈ ഹദീസിലും എടുത്തു കാണിച്ചിരിക്കുന്നത്. ഈ വിഷയത്തെസ്സംബന്ധിച്ചു മറെറാരിടത്തു നബി(സ) പറഞ്ഞിരിക്കുന്നത് ഇങ്ങിനെയാണ്.

## 13

| | |
|---|---|
| ജനങ്ങളിൽ ഉള്ള രണ്ടുകാര്യങ്ങറം | اِثْنَتَانِ فِي النَّاسِ |
| അവ, അവരിലുള്ള കുഫ്റാകുന്നു | هُمَا بِهِمْ كُفْرٌ |
| ഒന്നു, തറവാടിനെ ആക്ഷേപിക്കൽ | اَلطَّعْنُ فِي النَّسَبِ |
| മറെറാന്നു, മരിച്ചവരെപ്പററി വിളിച്ചു കരയലും | وَالنِّيَاحَةُ عَلَى الْمَيِّتِ |

(مُسْلِم)

തറവാടിനെ ആക്ഷേപിക്കുക എന്നു പറഞ്ഞത്, ഒരാൾക്ക് തൻെറ പിതാവുമായുള്ള ബന്ധത്തെ ചോദ്യം ചെയ്യുകയും, നിഷേധിക്കയും ചെയ്യുന്നതിനെ സംബന്ധിച്ചാണ്. രണ്ടാമത്തെ കാര്യത്തെസ്സംബന്ധിച്ച ഹദീസ് മുമ്പുവന്നുകഴിഞ്ഞിട്ടുണ്ട്. ഇത്തരം ദുഷിച്ച സമ്പ്രദായങ്ങൾ അനിസ്ലാമിക കാലത്ത് ജനങ്ങളിൽ ഉണ്ടായിരുന്നുവെന്നും, അവ ഇസ്ലാമിൻെറ സ്വഭാവങ്ങളല്ല, കുഫ്റിൻെറ സ്വഭാവങ്ങളാണെന്നും, ഈ ഹദീസ് വ്യക്തമാക്കിയിരിക്കുന്നു.

എന്നാൽ, ഒരേ കാര്യത്തെസ്സംബന്ധിച്ച്, ഇത്രയധികം ഗൗരവമുള്ള ഭാഷതന്നെ പലസ്ഥലത്തും നബി(സ) ഉപയോഗിക്കുമ്പോൾ, ആ കാര്യം എത്രമാത്രം ഗുരുതരമാണെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മനുഷ്യജീവിതത്തിൻെറ ഏതെല്ലാം വശങ്ങളെയാണ്, ഇസ്ലാം കർശനമായി നിയന്ത്രിക്കുന്നതെന്നും ഇവിടെവെച്ച് ചിന്തിക്കേണ്ടതാണ്.

## 14

لَيْسَ مِنَّا مَنْ دَعَا إِلَى عَصَبِيَّةٍ

പക്ഷപാതത്തിലേക്ക് ക്ഷണിച്ചവൻ നമ്മുടെകൂട്ടത്തിൽപെട്ടവനല്ല.

وَلَيْسَ مِنَّا مَنْ قَاتَلَ عَصَبِيَّةً

പക്ഷപാതത്തിന്നു വേണ്ടി യുദ്ധം ചെയ്തവനും നമ്മുടെ കൂട്ടത്തിൽ പെട്ടവനല്ല.

وَلَيْسَ مِنَّا مَنْ مَاتَ عَلَى عَصَبِيَّةٍ (ترمذى)

പക്ഷപാതത്തിൽ മരിച്ചവനും നമ്മുടെ കൂട്ടത്തിലല്ല.

പക്ഷപാതിത്വത്തിലേക്ക് ക്ഷണിക്കുന്നവരും, അതിന്നുവേണ്ടി യുദ്ധം ചെയ്യുന്നവരും, അതിൽത്തന്നെ മരിക്കുന്നവരും നമ്മോടു ബന്ധമില്ലാത്തവരാണ് എന്നു സാരം.

(മനുഷ്യവർഗ്ഗം ഒരേമാതാപിതാക്കളുടെ സന്താനങ്ങളാണ്. അവരുടെ സ്രഷ്ടാവും നാഥനും അല്ലാഹുവാണ്.) ഭൂമി മുഴുവനും മനുഷ്യൻെറ ദേശമാണ്. സത്യത്തിൻെറയും അസത്യത്തിൻെറയും മാനദണ്ഡം അല്ലാഹുവിൻെറ ഇഷ്ടവും അനിഷ്ടവും മാത്രമാണ്. സത്യം എവിടെയായാലും അതിനെ സ്വീകരിക്കുകയും സഹായിക്കുകയും, അസത്യം എവിടെ കണ്ടാലും അതിനെ വെറുക്കുകയും എതിർക്കുകയും വേണം. നന്മയെ സഹായിക്കുകയും തിന്മയെ എതിർക്കുകയും ചെയ്യേണ്ടത് മനുഷ്യൻെറ ധർമ്മമാണ്, എന്നീ അടിസ്ഥാന തത്വങ്ങളാണ് പ്രവാചകന്മാർ മുഖേന ലോകസ്രഷ്ടാവ് മനുഷ്യനെ പഠിപ്പിച്ചിട്ടുള്ളത്. എല്ലാ പ്രവാചകന്മാരും കൊണ്ടുവന്ന ഇസ്ലാമിൻെറ അടിസ്ഥാന സിദ്ധാന്തങ്ങളാണിവ. ഇത്രയും വിശാലവും സത്യവുമായ മററൊരു സിദ്ധാന്തം ലോകത്ത് ഉണ്ടായിട്ടില്ല, ഉണ്ടാവുക സാധ്യവുമല്ല.

പക്ഷപാതത്തിൻെറ എല്ലാ വേരുകളും ഈ സിദ്ധാന്തങ്ങളറം പറിച്ചെറിയുകയാണ് ചെയ്യുന്നത്. അതിനാൽ സാക്ഷാൽ ഇസ്ലാമിൽ വിശ്വസിക്കുന്ന ഒരു വ്യക്തിക്കും പക്ഷപാതമനഃസ്ഥിതി വെച്ചുപോററാനോ പക്ഷപാതപരമായി പ്രവർത്തിക്കാനോ സംസാരിക്കാനോ സാധ്യമല്ല; അങ്ങിനെ ആരെങ്കിലും ചെയ്യുകയാണെങ്കിൽ ഇസ്ലാമിൽ അവർക്ക് സ്ഥാനവുമില്ല എന്ന പരമാർത്ഥമാണ് ഈ ഹദീസിൽ ഊന്നിപറഞ്ഞിരിക്കുന്നത്. ഈ വസ്തുത മററു ധാരാളം ഹദീസുകളിലും നബി(സ)വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഒരു കാര്യം ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഇസ്ലാമിൻെറ ഭാഷയിൽ പക്ഷപാതത്തിന്നു അതിവിശാലമായ അർത്ഥമാണുള്ളത്. മേൽപ്പറഞ്ഞ ഇസ്ലാമികസിദ്ധാന്തങ്ങ

ളിൽ നിന്നുതന്നെ ഇതു മനസ്സിലാക്കാവുന്നതാണ്. പക്ഷപാതിത്വം ഇന്നു പലരും വെറുക്കുന്നുണ്ടെങ്കിലും, അതിന്നു ഇസ്ലാം നല്കിയപോലെ വിശാലമായ അർത്ഥം നല്കാൻ അവർക്കു കഴിഞ്ഞിട്ടില്ല. കാരണം മനുഷ്യർ എത്രതന്നെ വിശാലമനസ്കരായാലും ചിന്താപരമായ കഴിവുകേടും, സ്വാർത്ഥവും, ചുററുപാടിൻെറ നിർബ്ബന്ധവും അവരുടെ അഭിപ്രായങ്ങളിൽ സ്വാധീനം ചെലുത്തുമെന്നത് തീർച്ചയായാണ്. അതിനാൽ മനുഷ്യനിർമ്മിതസിദ്ധാന്തങ്ങൾ, സർവ്വജ്ഞനായ ലോകസ്രഷ്ടാവിൻെറ സിദ്ധാന്തങ്ങളെക്കാൾ കുറ്റസ്സാവുന്നതിൽ ആശ്ചര്യമില്ല.

വ്യക്തിപരവും ഗോത്രപരവും സാമുദായികവുമായ പക്ഷപാതം ഇന്നു പൊതുവെ വെറുക്കപ്പെടുന്നുണ്ടെങ്കിലും; ദേശത്തിൻെറയും, ഭാഷയുടെയും, തൊഴിലിൻെറയും രാഷ്ട്രത്തിൻെറയും രാഷ്ട്രീയത്തിൻെറയും പേരിലുള്ള പക്ഷപാതം പലരും അഭിമാനത്തോടു കൂടി വെച്ചു പോററുന്നതു നാം കാണുന്നു. അതുകാരണമായി പല വിധ കുഴപ്പങ്ങളും ലോകത്ത് നടന്നുകൊണ്ടിരിക്കയാണ്. പക്ഷെ അതൊന്നും പക്ഷപാതമല്ലെന്ന ഭാവമാണ് പൊതുവെ കാണപ്പെടുന്നത്. മതപരവും സാമുദായികവുമായ പക്ഷപാതത്തെ നീചാൽനീചതരമായിഗണിക്കുന്നവർപോലും മററു പക്ഷപാതങ്ങളിൽ ദയനീയമായി അകപ്പെടുന്നത് കാണുമ്പോൾ, പക്ഷപാതത്തിന്നു അവർ നല്കുന്ന അർത്ഥം വളരെ സങ്കുചിതമാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല.

അതിനാൽ യഥാർത്ഥത്തിൽ ആക്ഷേപാർഹമായ പക്ഷപാതം, എന്താണെന്നു വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. പക്ഷം പിടിച്ചു ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യുന്നതാണ് പക്ഷപാതമെന്നു എല്ലാവർക്കുമറിയാം. എന്നാൽ സത്യത്തെയും നീതിയെയും അനുകൂലിക്കുകയും, അസത്യത്തെയും അനീതിയെയും എതിർക്കുകയും ചെയ്യുന്നതു പക്ഷപാതമാണെന്നു ആ

ഝം ആക്ഷേപിക്കയില്ല. അപ്പോറം, സത്യവും നീതിയും നോക്കാതെ പക്ഷം പിടിക്കുന്നതാണ് യഥാൎത്ഥ പക്ഷപാതമെന്നു വ്യക്തമായിക്കഴിഞ്ഞു.

ഇതേ പക്ഷപാതത്തേയാണ് ഇസ്ലാം കഠിനമായി വെറുക്കുകയും നിരോധിക്കുകയും ചെയ്യുന്നത്. ഇത്തരം പക്ഷപാതം വെച്ചുപോററുന്നവരും അതിന്നുവേണ്ടി പ്രവൎത്തിക്കുന്നവരും ഇസ്ലാമിക ചിന്താഗതിയോടു ബന്ധമില്ലെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

വ്യക്തിയോടോ സമുദായത്തോടോ ആരോടായിരുന്നാലും നീതിപൂൎവ്വമല്ലാതെ പെരുമാറാൻ ഒരു സാഹചര്യത്തിലും ഇസ്ലാം അനുവദിക്കുന്നില്ല. എല്ലാ മനുഷ്യരേയും എല്ലാ ദേശത്തേയും അല്ലാഹു സൃഷ്ടിച്ചതാകയാൽ മനുഷ്യർ ആരായിരുന്നാലും എവിടെയായിരുന്നാലും, അവരുടെ വൎണ്ണവും വൎഗ്ഗവും തൊഴിലും ഭാഷയും എത്ര വിഭിന്നമായാലും, എല്ലാവരേയും ഒരേ ദൃഷ്ടിയോടെ നോക്കുന്ന വിശ്വസാഹോദര്യമാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ദേശീയവും സാമുദായികവും, ഭാഷാപരവും തൊഴിൽപരവുമായ ഇടുങ്ങിയ ചിന്താഗതികറം ഇസ്ലാമിന്റെ ദൃഷ്ടിയിൽ അക്രമമാണ്. ഇസ്ലാമിക ആദൎശസിദ്ധാന്തങ്ങറം സ്വീകരിച്ച ഒരാറംക്കും അൎത്ഥശൂന്യമായ അത്തരം ചിന്താഗതികറം കൈക്കൊള്ളാൻ നിവൃത്തിയില്ല.

സമുദായവും ദേശവും തൊഴിലും അതുപോലുള്ള മററു കാര്യങ്ങളും സത്യാസത്യത്തിന്റെ മാനദണ്ഡങ്ങളല്ല. അതിനാൽ അവയുടെ അടിസ്ഥാനത്തിൽ ചിന്തിക്കയും അവക്ക് അനുകൂലമായതിനെ സഹായിക്കയും എതിരായതിനെയെല്ലാം എതിൎക്കയും ചെയ്യേണമെന്നു പറയുന്നത് പക്ഷപാതമല്ലാതെ മറെറന്താണ്? നീതിമാത്രം ആധാരമാക്കി ചിന്തിക്കയും പ്രവൎത്തിക്കയും ചെയ്യേണമെന്നും "സ്വന്തം ദേഹത്തിന്നെതിരിൽ

ോചാലും നീതി നിലനിർത്തണ''മെന്നുമാണ് വിശുദ്ധ ഖുർആൻ ശക്തിയായി ആജ്ഞാപിക്കുന്നത്. അറബിയും അനറബിയും, വെളുത്തവനും കറുത്തവനും തമ്മിലുള്ള ഉച്ചനീചത്വം നബി (സ) വ്യക്തമായിനിഷേധിക്കുകയും നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു.

അതിനാൽ പക്ഷപാതം ഏതടിസ്ഥാനത്തിലായിരുന്നാലും, അതിന്നു ദേശത്തിൻേറയും സമുദായത്തിൻേറയും തൊഴിലിൻേറയും മററും പേർ പറഞ്ഞു എത്രതന്നെ മോടിപിടിപ്പിച്ചാലും അതു് ഇസ്ലാമിക സിദ്ധാന്തങ്ങൾക്കെതിരാണെന്നതിൽ സംശയമില്ല.

## 15

أَنَا أَغْنَى الشُّرَكَاءِ — ഞാൻ കൂറുകാരിൽവെച്ചു ഐശ്വര്യവാനാണ്

عَنِ الشِّرْكِ — കൂറിനെ സംബന്ധിച്ചു.

مَنْ عَمِلَ — ആരെങ്കിലും ചെയ്താൽ

عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي — എൻെറ കൂടെ മററുള്ളവരെ പങ്കുചേർത്ത ഒരു പ്രവൃത്തി

تَرَكْتُهُ وَشِرْكَهُ (مسلم) — അവനെ അവൻെറ ശിർക്കോടു കൂടി ഞാൻ തള്ളിക്കളയും.

സൃഷ്ടികളിൽ പലർക്കും പല പങ്കുകാരുണ്ടാവുക പതിവാണ്. മററുള്ളവരുടെ സഹായം അവർക്ക് ആവശ്യമായത്കൊണ്ടാണ് അങ്ങിനെ സംഭവിക്കുന്നത്. എന്നാൽ ലോകസ്രഷ്ടാവിന്നു് പങ്കുകാരുടെ ആവശ്യമില്ല. മററുള്ളവരുടെ സഹായത്തിൽനിന്നു് അവൻ തികച്ചും ഐശ്വര്യവാനാകുന്നു.

സൃഷ്ടികളായ ഭരണാധിപന്മാക്കും ന്യായാധിപന്മാക്കും മററ പലരുടെയും സഹായം ആവശ്യമായിവരുന്നത് കണ്ട് ചില മനുഷ്യർ സർവ്വജ്ഞനായ അല്ലാഹുവിനെ അവരോട് സാദൃശ്യപ്പെടുത്തുകയും അവന്നു ചില പങ്കുകാരെ സങ്കല്പിക്കുകയും ചെയ്തു. അങ്ങിനെ അവക്ക് വഴിപാടുകൾ നേരുകയും അവരെ വിളിച്ചു പ്രാർത്ഥിക്കയും അവർ മുഖേന കാര്യങ്ങൾ സാധിക്കാമെന്നു് തെററിദ്ധരിക്കയും ചെയ്തു. പല സമുദായങ്ങളിലും ബഹു ദൈവവിശ്വാസം കടന്നുകൂടിയത് അങ്ങിനെയായിരുന്നു.

എന്നാൽ അത്തരം വിശ്വാസങ്ങൾ വെച്ചു പോരുന്നവർ, അല്ലാഹു സർവ്വശക്തനും, സർവ്വജ്ഞനും, ആരുടെയും സഹായത്തിന്നാവശ്യമില്ലാത്തവനുമാണെന്ന പരമാർത്ഥം നിഷേധിക്കുകയാണ് ചെയ്യുന്നത്. അതിന്നും പുറമെ, അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ മാത്രം അനുഭവിച്ചു ജീവിക്കുന്ന അവൻെറ സൃഷ്ടികൾ മററ സൃഷ്ടികളോട് കൂറും ഭക്തിയും പ്രകടിപ്പിക്കയും അവൻെറ ഗുണങ്ങളും അധികാരാവകാശങ്ങളും മററുള്ളവക്ക് വകവെച്ചുകൊടുക്കയും ചെയ്യുന്നത് അവനോട് ചെയ്യുന്ന ധിക്കാരവും രാജദ്രോഹവുമാകുന്നു. അതിനാൽ അല്ലാഹു അതൊരിക്കലും പൊറുക്കുകയില്ല. "ശിർക്ക് മഹാ അക്രമമാണെ"ന്നും "അല്ലാഹുവിനോട് പങ്കുചേർക്കുന്നത് അവൻ പൊറുക്കുകയില്ലെ"ന്നും വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിരിക്കുന്നു.

ലോകസ്രഷ്ടാവിനോടല്ലാതെ മററ വല്ലവരോടും ഭയഭക്തി കാണിക്കുന്നതും, പ്രാർത്ഥിക്കുന്നതും, അവക്ക് വഴിപാടുകൾ നേരുന്നതും, പൂജകൾ നടത്തുന്നതും ശിർക്കാണെന്ന പോലെത്തന്നെ, ജൂതക്രൈസ്തവാനികൾ ചെയ്തപോലെ, മനുഷ്യർക്ക് നിയമം നല്കാനുള്ള പരമാധികാരം സ്രഷ്ടാവല്ലാത്തവക്ക് വകവെച്ചു കൊടുക്കുന്നതും ശിർക്കാണെന്നതിൽ സംശയമില്ല.

മാത്രമല്ല, സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതുതന്നെ മററു ള്ളവരുടെ പ്രീതിക്കും പ്രശംസക്കും വേണ്ടി ആയാൽ അതും ശി ർക്കാണെന്നത്രെ ഇസ്ലാം പഠിപ്പിക്കുന്നത്. അതാണ് ഈ ഹദീ സിൻെറ അവസാനഭാഗത്ത് ചൂണ്ടിക്കാണിക്കുന്നതെന്ന് പണ്ഡി തന്മാർ അഭിപ്രായപ്പെടുന്നു.

വിഗ്രഹങ്ങളെ പൂജിക്കുന്നതു് മുതൽ അല്ലാഹു അല്ലാത്ത വരുടെ ഇഷ്ടത്തിന്നു് വേണ്ടി ചെയ്യുന്ന സല്ക്കർമ്മങ്ങൾ വരെ ശിർക്കിൽ ഉൾപ്പെടുമെന്നും, ശിർക്ക് ഇസ്ലാമിൻെറ അടിസ്ഥാന ങ്ങൾക്ക് കടകവിരുദ്ധമാണെന്നും വരുമ്പോൾ നമ്മുടെ ജീവിത ത്തിലെവിടെയെങ്കിലും ശിർക്കിൻെറ വല്ല അംശവും കടന്നു കൂടു ന്നതു് നാം അത്യധികം ഭയപ്പെടേണ്ടതാണെന്നു് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു.

## 16

| | |
|---|---|
| പക്ഷിലക്ഷണം നോക്കലും | اَلْعِيَافَةُ |
| ശകുനം നോക്കലും പ്രശ്നം വെക്കലും | وَالطِّيَرَةُ وَالطَّرْقُ |
| ജിബ്ത്തിൽ (ക്ഷുദ്രവിശ്വാ സത്തിൽ) പെട്ടതാണ്. | مِنَ الْجِبْتِ (ابوداود) |

ഇസ്ലാമിൻെറ അടിസ്ഥാന വിശ്വാസങ്ങൾക്കെതിരായ ശക്തികൾക്കും അവയിലുള്ള വിശ്വാസത്തിന്നും അതനുസരിച്ചു ള്ള പ്രവൃത്തികൾക്കും ഉപയോഗിക്കുന്ന ഒരു പദമാണ് ''ജിബ് ത്ത്''. ജോത്സ്യൻ, മാരണക്കാരൻ, വിഗ്രഹം എന്നീ അർത്ഥങ്ങ ളിലെല്ലാം അതു ഉപയോഗിക്കപ്പെടുന്നു. അല്ലാഹുവിൻെറ നിർദ്ദേശ ങ്ങളിൽനിന്നു വ്യതിചലിച്ച അഹ്ലുൽ കിതാബ് ജിബ്ത്തിലും

താഗൂത്തിലും (طاغوت) വിശ്വസിക്കുന്നുവെന്നു ഖുർആൻ ആക്ഷേപിച്ചിരിക്കുന്നു. അത് രണ്ടും വിശ്വസിക്കാതിരിക്കാൻ അവരോട് കല്പിച്ചിരിക്കുന്നുവെന്നും വിശുദ്ധ ഖുർആൻ പറഞ്ഞിട്ടുണ്ട്. അല്ലാഹുവിൻെറ കല്പനകൾക്കും നബിമാരുടെ ശിക്ഷണങ്ങൾക്കും കീഴ്പെടുന്നതിന്നു പകരം അവർ കീഴ്പെട്ടിരുന്ന അനിസ്ലാമിക ശക്തികളെ സംബന്ധിച്ചാണ് അവിടെ طاغوت എന്ന് പറഞ്ഞിരിക്കുന്നത്. ആഭിചാരം മുതലായ ചില കൃത്രിമ ഏർപ്പാടുകൾ അവർ നടത്തിയിരുന്നു. ജിബ്ത്തിൽ വിശ്വസിച്ചുവെന്ന് ആക്ഷേപിക്കാൻ കാരണമതാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്.

അന്ധവിശ്വാസങ്ങളും, സിഹ്റ് മുതലായ കൃത്രിമ ഏർപ്പാടുകളും, അല്ലാഹുവിൻെറ ശക്തിയെവിട്ട് പൈശാചിക ശക്തികളെ ആശ്രയിക്കുന്ന സ്വഭാവവും ഇസ്ലാമിൻെറ അടിസ്ഥാന സിദ്ധാന്തങ്ങൾക്കെതിരാണ്. ഇസ്ലാമിൽനിന്നു് അകന്നുപോകുമ്പോഴാണ് ജനങ്ങളിൽ അവ കടന്നുകൂടുന്നത്. അവയിൽ അകപ്പെട്ടവർക്ക് യഥാർത്ഥ ഇസ്ലാമിനോട് ശരിയായ ബന്ധമുണ്ടാവാൻ നിവൃത്തിയില്ല. അഹ്ലുൽകിതാബിൻെറ ചരിത്രത്തിൽനിന്നും, അവരെ സംബന്ധിച്ച ഖുർആനിൽ വന്നിട്ടുള്ള പ്രസ്താവനകളിൽനിന്നും ഇന്നത്തെ ചില മതവിശ്വാസികളുടെ നിലയിൽനിന്നും ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്.

മേൽപറഞ്ഞ കൃത്രിമ ഏർപ്പാടുകളിൽപെട്ട, പക്ഷിലക്ഷണം നോക്കലും, ശകുനംനോക്കലും ഇസ്ലാമിന്നു വിരുദ്ധമാണെന്നകാര്യമാണ് ഈ ഹദീസിൽ വ്യക്തമാക്കിയിരിക്കുന്നത്. ഇവിടെ "ജിബ്ത്ത്" എന്ന പദത്തിന്നു് 'കുഫ്റ്' എന്നുതന്നെ ഹദീസ് വ്യാഖ്യാതാക്കൾ അർത്ഥം കൊടുത്തിട്ടുണ്ട്.

ചില വരകളും കളങ്ങളും വരഞ്ഞു്, അതിൽനിന്നു കാര്യങ്ങൾ മനസ്സിലാക്കുന്ന രസകരമായ കണ്ടുപിടുത്തമാണ് പ്രശ്നം

വെക്കൽ. കവിടിയും മററും ഉപയോഗിച്ചുള്ള പ്രശ്നംവെക്കലും ഇതിൽനിന്നു വ്യത്യസ്തമല്ല.

എവിടേക്കെങ്കിലും പുറപ്പെടുകയോ എന്തെങ്കിലും കാര്യത്തിന്നൊരുങ്ങുകയോ ചെയ്യുമ്പോഠം ആദ്യം കാണുന്ന കാഴ്ചയും, കേഠക്കുന്ന ശബ്ദവും നോക്കി കാര്യങ്ങളുടെ വിജയപരാജയം കണക്കാക്കുന്ന സൂത്രത്തിനാണല്ലോ ശകുനംനോക്കലെന്നു് പറയുന്നത്. ചില പക്ഷികളും മൃഗങ്ങളും ശബ്ദിച്ചാൽ അത് ആപത്തിൻെറ അറിയിപ്പാണെന്ന ധാരണയും ഇതിൽപെട്ടതുതന്നെയാണ്. ചില ദിവസങ്ങഠം പ്രധാന കാര്യങ്ങഠക്കൊന്നും കൊള്ളുകയില്ലെന്നും അന്നു് 'നഹ്സാ'ണെന്നുമുള്ള അന്ധവിശ്വാസത്തിന്നും ഇതോടു് ബന്ധമുണ്ടു്.

കാര്യങ്ങളുടെ ഗുണദോഷങ്ങഠം അറിയാൻവേണ്ടി പക്ഷികളെ പറപ്പിക്കയും അവ വലത്തോട്ടു പറന്നാൽ വിജയമാണെന്നും ഇടത്തോട്ടു് പറന്നാൽ പരാജയമാണെന്നും തീച്ചപ്പെടുത്തുകയും ചെയ്യുന്ന സമ്പ്രദായം അറബികഠക്കിടയിലുണ്ടായിരുന്നു. അതിനെസംബന്ധിച്ചാണിവിടെ പക്ഷിലക്ഷണമെന്നു് പറഞ്ഞിരിക്കുന്നത്. എന്നാൽപക്ഷിയെക്കൊണ്ടു കത്തെടുപ്പിച്ചു ഭാഗ്യം പരീക്ഷിക്കുന്ന പുതിയ ഏപ്പാടും ഇതിൽപെട്ടതുതന്നെയാണ്. കാരണം, രണ്ടിൻേറയും അടിയിൽകിടക്കുന്ന വിശ്വാസം ഒന്നുതന്നെയാണല്ലോ. ആദ്യത്തേതിൽ കാപട്യമില്ല; രണ്ടാമത്തേതിൽ പക്ഷിക്കാരൻ അതിനെക്കൊണ്ടു് പലതും ചെയ്യിച്ചു് ജനങ്ങളെ വഞ്ചിക്കുന്ന കാപട്യം കൂടിയുണ്ടു് എന്ന വ്യത്യാസമേയുള്ളു. ഏതെങ്കിലും സാധനത്തിൻെറ ഇടവും വലവും, അകവും പുറവും നോക്കി കാര്യങ്ങളുടെ ഗുണദോഷങ്ങഠം തീരുമാനിക്കുന്ന എല്ലാ ഏപ്പാടുകളും ഇതിൽ പെട്ടതാണെന്നു് മനസ്സിലാക്കേണ്ടതാണ്.

അദൃശ്യകാര്യങ്ങളറിയാനുള്ള മാഗ്ഗങ്ങളായിട്ടാണ് കാര്യകാരണബന്ധമില്ലാത്ത ഇത്തരം മാഗ്ഗങ്ങഠം ജനങ്ങഠം സ്വീകരിക്കുന്നത്.

എന്നാൽ അദൃശ്യങ്ങൾ അല്ലാഹുമാത്രമേ അറിയുകയുള്ളു. അത് കണ്ടുപിടിക്കാനുള്ള കുറുക്കുവഴികളൊന്നും ആരുടെ പക്കലുമില്ല എന്നത് ഇസ്ലാമിന്റെ മൌലികവിശ്വാസങ്ങളിൽ പെട്ടതാണ്. എന്നിരിക്കെ 'ഈമാനു'ള്ള ഒരു മുസ്ലിമിന്നു് ഇത്തരം അന്ധവിശ്വാസങ്ങൾ സ്വീകരിക്കാൻ എങ്ങിനെയാണ് സാധിക്കുക.

മറ്റൊരു ഹദീസിൽ നബി (സ. അ.) ഇങ്ങിനെ അരുൾ ചെയ്യുന്നു.

## 17

| | |
|---|---|
| ആരെങ്കിലും ഒരു പ്രശ്നക്കാരനെ സമീപിച്ചു, | مَنْ أَتَى عَرَّافًا |
| എന്നിട്ട് അവനോട് വല്ലതിനെ സംബന്ധിച്ചും ചോദിച്ചു, | فَسَأَلَهُ عَنْ شَيْءٍ |
| അങ്ങിനെ അവൻ പറഞ്ഞത് വിശ്വസിക്കയും ചെയ്തു, | فَصَدَّقَهُ |
| എന്നാൽ അവന്നു് ഒരു നമസ്കാരവും സ്വീകരിക്കപ്പെടുകയില്ല, | لَمْ تُقْبَلْ لَهُ صَلَاةٌ |
| നാല്പതു ദിവസം. | أَرْبَعِينَ يَوْمًا (مسلم) |

പ്രശ്നക്കാരന്റെ വല്ല വാക്കും വിശ്വസിച്ചുപോയാൽ നാല്പതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ലെന്നു് സാരം. പ്രശ്നത്തിന്റെ തത്വത്തിലോ ഇസ്ലാമിക സിദ്ധാന്തങ്ങൾക്കെതിരായ മററുകാര്യങ്ങളിലോ വിശ്വാസമുണ്ടാവണമെന്നില്ല. പ്രശ്നക്കാരൻ പറയുന്ന വല്ല വാക്കും വിശ്വസിച്ചാൽതന്നെ മുസ്ലിമിന്റെ ഏററവും വലിയ പുണ്യകർമ്മമായ നമസ്കാരം നാല്പതുദിവസംവരെ സ്വീകരിക്കപ്പെടുകയില്ല എന്നാണ് ഈ ഹദീസ്

പഠിപ്പിക്കുന്നത്. കാര്യത്തിന്റെ ഗൌരവം മനസ്സിലാക്കുവാൻ എന്തി എന്താണാവശ്യമുള്ളത്?

## 18

തീച്ചയായും, മന്ത്രങ്ങളും إِنَّ الرُّقَى

ഉറുക്കുകളും وَالتَّمَائِمَ

വശീകരണ സൂത്രങ്ങളും وَالتِّوَلَةَ

ശിർക്കാകുന്നു. شِرْكٌ (ابو داود)

കണ്ണേറും പിശാചിന്റെ ഉപദ്രവവും മററും തടയാൻവേണ്ടി അറബികൾ കുട്ടികളുടെ കഴുത്തിൽ ചില കല്ലുകളും മററും കെട്ടാറുണ്ട്. അതിന്നാണ് 'തമീമത്ത്' എന്നു പറയുന്നത്. ഭർത്താവിന്നു സ്നേഹം ജനിക്കാനും ആളുകളെ വശീകരിക്കാനുമെന്നപേരിൽ ദേഹത്തിൽകെട്ടുന്ന ഉറുക്കുകളും വശീകരണത്തിന്നായി കെട്ടുന്ന മററ സാധനങ്ങളുമാണ് 'തിവലത്ത്'. പിശാച്, ജിന്ന്, മലക്ക്, പുണ്യപുരുഷന്മാർ എന്നിവരുടെ സഹായം മുഖേന രോഗശമനം വരുത്താനും മററും ഉദ്ദേശിച്ചു നടത്തുന്ന മന്ത്രങ്ങളാണിവിടെ മന്ത്രംകൊണ്ടുദ്ദേശിക്കുന്നത്. ഏതെങ്കിലും ഒരു മന്ത്രം ഉച്ചരിച്ചാൽ അതുകൊണ്ടുതന്നെ രോഗങ്ങൾ ശമിക്കുമെന്നും കാര്യങ്ങൾ സാധിക്കുമെന്നുമുള്ള വിശ്വാസത്തോടെ നടത്തപ്പെടുന്ന മററ മന്ത്രങ്ങളും ഇതിൽ ഉൾപ്പെടുന്നതാണ്.

രോഗം ശമിക്കാനും കാര്യം സാധിക്കാനും ഉപദ്രവങ്ങൾ തടയാനുമെന്നപേരിൽ മന്ത്രവാദികളെ സമീപിക്കുകയും, ചില സാധനങ്ങൾ കെട്ടിത്തൂക്കുകയും, കഴിച്ചിടുകയും ചെയ്യുന്ന സമ്പ്രദായം, വിവരമില്ലാത്ത ജനങ്ങൾക്കിടയിൽ ഇന്നും കാണാം.

അല്ലാഹു അല്ലാത്ത ഏതെങ്കിലും ഒരദൃശ്യശക്തിയുടെ സങ്കല്പവും അതിൽനിന്നു സഹായങ്ങൾ ലഭിക്കുമെന്ന വിശ്വാസവു

മാണ് അത്തരം ഏർപ്പാടുകളുടെ പിന്നിൽ ഒളിഞ്ഞു കിടക്കുന്നത്. ആ ശക്തി പ്രവാചകന്മാരെപ്പോലുള്ള പുണ്യപുരുഷന്മാരോ, ജിന്നുകളോ, മലക്കുകളോ, പിശാചുക്കളോ മററോ ആയിരിക്കും. ഇവയിൽ വിശ്വസിക്കുന്നവർ മന്ത്രം നടത്തുമ്പോൾ ഇങ്ങിനെയുള്ള ശക്തികളോട് പ്രാർത്ഥിക്കലും അവയുടെ സഹായം തേടലും പതിവാണ്.

പ്രാർത്ഥന കൂടാതെത്തന്നെ മേൽപറഞ്ഞ ശക്തികളുടെ സഹായം ലഭിക്കാൻ ചില വിദ്യകൾ അവർ കണ്ടു പിടിച്ചിട്ടുണ്ട്. ഉറുക്കുകളും ഏലസ്സുകളും ഹോമങ്ങളും മററും അവയുടെ ഉദാഹരണങ്ങളാണ്. വീടുകളിൽ കെട്ടിതൂക്കുന്ന കുപ്പികളും കള്ളി വരച്ച പലതും എഴുതിവെച്ച കടലാസ്സുകളും ഇതിൽനിന്നൊഴിവല്ല.

ഇത്തരം വിശ്വാസങ്ങൾ സുലൈമാൻ നബിയുടെ പേരിൽ പിശാചുക്കൾ പ്രചരിപ്പിച്ചിരുന്നുവെന്നും അതു കുഫ്റാണെന്നും വിശുദ്ധ ഖുർആൻതന്നെ പറയുന്നുണ്ട്. മുസ്ലിം മന്ത്രവാദികൾക്ക് സുലൈമാൻ നബിയോട് കൂടുതൽ ബന്ധം കാണുവാനതിന്റെ കള്ളി ഇവിടുന്നു മനസ്സിലാക്കാം. ചുരുക്കത്തിൽ ഇതെല്ലാം ശിർക്കിന്റെ ഏർപ്പാടുകളാണെന്നും ഇസ്ലാമിക വിശ്വാസത്തിന്നെതിരാണെന്നും സാരം. (അല്ലാഹുവോട് മാത്രമുള്ള പ്രാർത്ഥനകൾ അടങ്ങിയ മന്ത്രം ഇതിൽപെടുന്നില്ല.)

## 19

ഖുർആനിൽ തർക്കിക്കൽ — اَلْمِرَاءُ فِي الْقُرْآنِ

കുഫ്റാകുന്നു. — كُفْرٌ (ابو داود)

വിശുദ്ധ ഖുർആനെ സംശയിക്കയോ എതിർക്കയോ ചെയ്യുന്ന സ്വഭാവത്തെ സംബന്ധിച്ചാണ് ഇവിടെ തർക്കിക്കുക എന്നു പറഞ്ഞിരിക്കുന്നത്. ഖുർആന്റെ ഉദ്ദേശ്യം മനസ്സിലാക്കാനും അതു സ്വീകരിക്കാനുംവേണ്ടി നടത്തപ്പെടുന്ന, ആവശ്യമായ, ചർച്ച

കളല്ലാത്ത മററെല്ലാ വിവാദങ്ങളും ഇതിൽ ഉൾപ്പെടുന്നു. മററൊരു ഹദീസിൽ നബി (സ. അ.) ഇങ്ങിനെ അരുൾചെയ്തതായി കാണാം:

20

| | |
|---|---|
| നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക, | إِقْرَأُوا الْقُرْآنَ |
| നിങ്ങളുടെ ഹൃദയങ്ങൾ യോജിച്ചിരിക്കുന്നേടത്തോളം. | مَا ائْتَلَفَتْ قُلُوبُكُمْ |
| നിങ്ങൾ ഭിന്നിച്ചാലോ | فَإِذَا اخْتَلَفْتُمْ |
| അതിൻെറ അടുത്ത്നിന്ന് എഴുന്നേററു പോകണം. | فَقُومُوا عَنْهُ (بخارى) |

യോജിച്ച മനസ്ഥിതിയോടുകൂടിയല്ലാതെ വിശുദ്ധഖുർആനെ സംബന്ധിച്ച സംസാരിക്കുകയോ അത് വാദപ്രതിവാദ വിഷയമാക്കുകയോ ചെയ്യരുതെന്ന് സാരം.

വിശുദ്ധ ഖുർആൻ അല്ലാഹുവിൻെറ ഗ്രന്ഥമല്ലെന്നോ അതു അസത്യമാണെന്നോ ഉള്ളവാദം മാത്രമല്ല ഈ ഹദീസുകളിൽ വിരോധിച്ചിട്ടുള്ളത്; ഖുർആൻ ഒന്നായി നിഷേധിക്കുന്നതിനെ മാത്രമല്ല ഇവിടെ കുഫ്റെന്നു പറഞ്ഞിട്ടുള്ളത്; ഖുർആനിൽ പറഞ്ഞ ഏതെങ്കിലും ഒരു കാര്യത്തെ എതിർക്കുന്നതും, ചോദ്യം ചെയ്യുന്നതും, അതിൻെറ നേരെ സംശയത്തോടെ നോക്കുന്നതും ഇതിൽ ഉൾപ്പെടുന്നുണ്ട്. മാത്രമല്ല വിശുദ്ധ ഖുർആനിലെ വിഷയങ്ങളെ സംബന്ധിച്ച അനാവശ്യമായ വിവാദങ്ങൾ നടത്തുന്നതും വിരോധിച്ചിരിക്കയാണ്.

വിശുദ്ധ ഖുർആൻ ലോകസ്രഷ്ടാവിൻെറ വചനങ്ങളാണെന്നും അതിലടങ്ങിയതെല്ലാം സത്യമാണെന്നും അതിലെ നിർദ്ദേശങ്ങൾ മുഴുവൻ നിർബ്ബന്ധപൂർവ്വം സ്വീകരിക്കേണ്ടതാണെന്നുമുള്ള

അടിയുറച്ച വിശ്വാസത്തോടും തികഞ്ഞ ബഹുമാനത്തോടുംകൂടി യല്ലാതെ അതിനെ സംബന്ധിച്ച് സംസാരിക്കുന്നതും, ചിന്തിക്കുന്നതും ഇസ്ലാമിക വിശ്വാസത്തിന്നെതിരാണ്.

ഖുർആൻ നൽകുന്ന മുഴുവൻ നിയമങ്ങളും ഇക്കാലത്തേയ്ക്ക് യോജിച്ചതല്ലെന്നും അതിൽ പറഞ്ഞ ചില കാര്യങ്ങൾ യാഥാർത്ഥ്യങ്ങളല്ലെന്നും ചിലർ വാദിക്കുന്നത് കേൾക്കാം. അപ്രകാരം തന്നെ വിശുദ്ധഖുർആന്റെ നിയമങ്ങൾ തീരെ വിലവെക്കാതെ തള്ളിക്കളയുന്നവരേയും ഇന്നു കാണാൻ കഴിയും. അതോടൊപ്പം അവരെല്ലാം മുസ്ലിംകളാണെന്നു് വാദിക്കയും ചെയ്യുന്നു.

എന്നാൽ ഇസ്ലാമിന്റെ അടിസ്ഥാനമായ വിശുദ്ധ ഖുർആൻ തികച്ചും വിശ്വസിക്കാത്തവർക്കും അതിന്റെ കല്പനകൾ വല്ലതും തള്ളിക്കളയുന്നവർക്കും അതിൽ സംശയിക്കുന്നവർക്കും ഇസ്ലാമിനോട്ട് ബന്ധമുണ്ടാവാൻ യാതൊരു മാർഗ്ഗവുമില്ല. "ആരെങ്കിലും തന്നിഷ്ടപ്രകാരം ഖുർആൻ വ്യാഖ്യാനിച്ചാൽ നരകത്തിൽ തന്റെ സ്ഥലം പിടിച്ചുകൊള്ളട്ടെ" എന്നുപോലുംനബി (സ. അ.) താക്കീതു് ചെയ്തിരിക്കുന്നേത് കാണുമ്പോൾ വിശുദ്ധ ഖുർആനുമായി ഒരു മുസ്ലിം ഇടപെടുന്നത് എത്ര സൂക്ഷ്മതയോടെയായിരിക്കണമെന്നു് ഗ്രഹിക്കാമല്ലോ.

## 21

لَيْسَ مِنَّا

نമ്മുടെ കൂട്ടത്തിൽ പെട്ടവനല്ല,

مَنْ لَمْ يُوَقِّرِ الْكَبِيرَ

വലിയവരെ ആദരിക്കയും

وَيَرْحَمِ الصَّغِيرَ

ചെറിയവരോട്ട കരുണ കാണിക്കയും ചെയ്യാത്തവൻ,

നല്ലത് കല്പിക്കയും ചീത്ത നിരോധിക്കയും ചെയ്യാത്തവൻ. وَيَأْمُرْ بِالْمَعْرُوفِ وَيَنْهَ عَنِ الْمُنْكَرِ

മീതെയുള്ളവരെ ബഹുമാനിക്കുകയും താഴെയുള്ളവരോട് കരുണയോടെ പെരുമാറുകയും സൽക്കർമ്മം കല്പിക്കുകയും ദുഷ്കർമ്മം തടയുകയും ചെയ്യാത്തവക്ക് ഇസ്ലാമിൽ സ്ഥാനമില്ലെന്നർത്ഥം.

ഇസ്ലാമിക വിശ്വാസത്തിന്റേയും ചിന്താഗതിയുടേയും ലക്ഷണങ്ങളായ നാലുകാര്യങ്ങളാണിവിടെ എടുത്ത് കാണിച്ചിരിക്കുന്നത്. അവ ഒരാളിൽ ഇല്ലാതെപോയാൽ അയാളുടെ ചിന്താഗതി ഇസ്ലാമികമല്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. ബഹുമാനം, കാരുണ്യം, സൽകർമ്മത്തോടുള്ള സ്നേഹം ദുഷ്കർമ്മത്തോടുള്ള വെറുപ്പ് എന്നിവയാണാ നാലുകാര്യങ്ങൾ. സൽകർമ്മം നടപ്പിൽ വരുത്താനും ദുഷ്കർമ്മങ്ങൾ തുടച്ചുനീക്കാനുംവേണ്ടിയാണല്ലോ ഇസ്ലാം നിലകൊള്ളുന്നത്. അതിനാൽ സൽകർമ്മങ്ങൾ പ്രചരിപ്പിക്കാനും ദുഷ്കർമ്മങ്ങൾ ദൂരീകരിക്കാനുമുള്ള മനസ്ഥിതിയില്ലാത്തവക്ക് ഇസ്ലാമിന്റെ യഥാർത്ഥ അനുയായികളാവുക സാധ്യമല്ലെന്നു് പ്രത്യേകം പറയേണ്ടതില്ല.

ഹദീസിൽ പറഞ്ഞ മററു രണ്ടു ഗുണങ്ങളാണ് ബഹുമാനവും കാരുണ്യവും. ഇവയ്ക്കു് ഇത്രമാത്രം പ്രാധാന്യമുണ്ടോ എന്നു ഇക്കാലത്ത് പ്രത്യേകിച്ചും ചിലർ സംശയിക്കാനിടയുണ്ട്. എന്നാൽ അല്പം ചിന്തിക്കുന്നപക്ഷം അവയുടെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ആദ്യമായി കാരുണ്യമെടുക്കാം. ലോകസ്രഷ്ടാവായ അല്ലാഹുവിന്റെ മഹത്തായ ഒരു ഗുണമാണ് കരുണ തന്റെ സൃഷ്ടി

കളുടെ പ്രകൃതിയിൽ ആ ഗുണം അവൻ നിക്ഷേപിച്ചിട്ടുമുണ്ട്. പക്ഷികളും മൃഗങ്ങളും അവയുടെ കുഞ്ഞുങ്ങളോട് കാണിക്കുന്ന ആശ്ചര്യകരമായ വാത്സല്യം അതിൻെറ അടയാളമാണ്. അപ്രകാരമുള്ള കരുണ മനുഷ്യപ്രകൃതിയിലും ഉള്ളതായി നമുക്ക് കാണാം. മാതാക്കൾക്ക് സന്താനങ്ങളോടുള്ള വാത്സല്യംതന്നെ അതിൻെറ വ്യക്തമായ ഉദാഹരണമാണല്ലോ. ഒരു ചെറിയ കുഞ്ഞിനെക്കാണുമ്പോൾ നാം അറിയാതെതന്നെ നമ്മുടെ ചുണ്ടുകളിൽ പുഞ്ചിരി വിടരുന്നത് കാണാം. ഇതെല്ലാം അല്ലാഹു സൃഷ്ടികളിൽ നിക്ഷേപിച്ചിട്ടുള്ള കരുണയുടെ ഫലമല്ലാതെ മററൊന്നുമല്ല. ഈ മഹത്തായ സ്വഭാവം അല്ലാഹു പ്രകൃതിയിൽ നിക്ഷേപിച്ചിട്ടില്ലെങ്കിൽ ലോകത്തിൻെറ നിലനിൽപുതന്നെ അപകടത്തിലായേനെ. മാതാപിതാക്കളുടെ മനസ്സിൽ കരുണയില്ലായിരുന്നെങ്കിൽ കുഞ്ഞുങ്ങളുടെ ജീവിതം എന്തായിത്തീരുമെന്ന് മാത്രം ചിന്തിച്ചാൽ ആ കാര്യം വ്യക്തമാകുന്നതാണ്. "അവൻ നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിയിരിക്കുന്നു" എന്ന് അല്ലാഹുവിൻെറ അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ വിശുദ്ധഖുർആൻ പ്രത്യേകം എടുത്തുപറഞ്ഞതിൻെറ അർത്ഥമതാണ്.

മനുഷ്യരുടെ പ്രകൃതിയിൽ കാരുണ്യത്തിൻെറ സ്വഭാവം നിക്ഷേപിച്ചശേഷം ആ സ്വഭാവം ഇസ്ലാം മുഖേന വളർത്തിയെടുക്കാൻ അല്ലാഹു അവരോട് കല്പിച്ചിരിക്കയാണ്. ഇസ്ലാമിൻെറ പൊതുസ്വഭാവത്തെസംബന്ധിച്ച ചിന്തിച്ചാൽ നമുക്കത് മനസ്സിലാക്കാൻ കഴിയും. ഏതൊരു നല്ല കാര്യവും "പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ" ആരംഭിക്കണമെന്ന് ഇസ്ലാം കല്പിക്കുന്നു. "ലോകത്തിന്ന് കരുണയായിട്ടു മാത്രമാണ് നിന്നെ നാം അയച്ചിട്ടുള്ളതെ"ന്നു നബി (സ. അ) യോട് വിശുദ്ധ ഖുർആൻ ഉണർത്തുന്നു. പരിശുദ്ധമായ ഇസ്ലാമിക ജീവിതം നയിക്കുന്ന സജ്ജനങ്ങളെ "പരമകാരുണികൻെറ ദാസന്മാർ" എന്നാണ് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നത്.

من لا يرحم الناس لا يرحمه الله (متفق عليه)

(ജനങ്ങളോടു കരുണയില്ലാത്തവന്നു് അല്ലാഹു കരുണചെയ്യുകയില്ല) എന്നുകൂടി നബി (സ. അ) മുന്നറിയിപ്പു നൽകിയിരിക്കുന്നു.

ഇതെല്ലാം മുമ്പിൽവെച്ചു ചിന്തിക്കുന്നപക്ഷം കരുണാനിധിയായ ലോകരക്ഷിതാവു് കാരുണ്യത്തിൻെറ പ്രവാചകൻ മുഖേന നൽകിയ ഇസ്ലാമിൽ കരുണക്കുള്ള പ്രാധാന്യം എത്രയാണെന്നു ഏവക്കും മനസ്സിലാക്കാം.

ഹദീസിൽ പറഞ്ഞ മറ്റൊരു ഗുണം ബഹുമാനമാണല്ലോ. കരുണപോലെത്തന്നെ ബഹുമാനത്തിൻെറ വികാരവും അല്ലാഹു പ്രകൃതിയിൽ നിക്ഷേപിച്ചിട്ടുണ്ടു്. വളത്തുമൃഗങ്ങൾ അവയുടെ യജമാനന്മാരോടു് ബഹുമാനവും കൂറും കാണിക്കുന്നതു് നാം കാണാറുണ്ടല്ലോ. കുതിരയുടെ ഉദാഹരണം മുമ്പിൽവെച്ചുകൊണ്ടു് വിശുദ്ധ ഖുർആൻതന്നെ മനുഷ്യനെ ഈ കാര്യം ഉണർത്തിയിട്ടുണ്ടു്. ചുരുക്കത്തിൽ അങ്ങോട്ടു കരുണയുള്ളേടത്തു് ഇങ്ങോട്ടു് ബഹുമാനവും ഉണ്ടാവുന്നു. കാരുണ്യംപോലെത്തന്നെ മനസ്സിൻെറ പരിശുദ്ധതയിൽനിന്നും ഉയൻു വരുന്ന ഒരുത്തമ വികാരമാണു് ബഹുമാനം. കരുണ താഴെയുള്ളവരോടാണെങ്കിൽ ബഹുമാനം മീതെയുള്ളവരോടാണെന്നു മാത്രമേ വ്യത്യാസമുള്ളു.

ബഹുമാനത്തിന്നു് കടപ്പെട്ട എല്ലാററിനേയും ബഹുമാനിക്കുന്ന നിഷ്കളങ്കസ്വഭാവമാണു് ഇസ്ലാം പഠിപ്പിക്കുന്നതു്. (യഥാത്ഥത്തിൽ ബഹുമാനം അഹിക്കാത്തതിനെ ബഹുമാനിക്കാൻ പാടുള്ളതുമല്ല.) അല്ലാഹുവിങ്കൽ ആദരണീയമായവയെ ആദരിക്കാൻ വി: ഖുർആൻ കല്പിക്കുന്നു. കാരണം അതു് സത്യവിശ്വാസത്തിൻെറ ലക്ഷണമാണു്. കരുണയും ആദരവുമില്ലാത്ത മനസ്സിൽ പരുഷതയും അഹങ്കാരവും ഗർവ്വും മാത്രമാണുണ്ടാവുക. അവയെല്ലാം കുഫ്റിൻെറ സ്വഭാവമാണു്; അവ ഈമാനുമായി ഒരിക്കലും യോജിക്കയില്ല.

لَا يَدْخُلُ الْجَنَّةَ مَنْ كَانَ فِي قَلْبِهِ مِثْقَالُ ذَرَّةٍ مِنْ كِبْرٍ (مسلم)

(അണുത്തൂക്കം അഹങ്കാരം ഹൃദയത്തിലുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല) എന്നു നബി (സ. അ.) അരുളിചെയ്തതിൻെറ അർത്ഥം അതാണു്. ചുരുക്കത്തിൽ, ക്രൂരതയും അഹങ്കാരവും കാഫിറിൻെറ സ്വഭാവമാണു്; കരുണയും, വിനയവും, ബഹുമാനവുമാണു് ഇസ്ലാമിൻെറ സ്വഭാവം തന്നിൽ താഴെയുള്ളവരോടു് ദയയും മീതെയുള്ളവരോടു് ബഹുമാനവുമില്ലെങ്കിൽ അതു് ക്രൂരതയുടെയും അഹങ്കാരത്തിൻെറയും വ്യക്തമായ ലക്ഷണമാണെന്നു് ആർക്കും മനസ്സിലാക്കാം അതുകൊണ്ടാണു് അക്കാര്യം പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതു്.

# 22

| | |
|---|---|
| നമ്മുടെകൂട്ടത്തിൽപെട്ടതല്ല, | لَيْسَ مِنَّا |
| മററുള്ളവരെ അനുകരിച്ചവൻ. | مَنْ تَشَبَّهَ بِغَيْرِنَا |
| നിങ്ങൾ സദൃശ്യരാകരുതു്, | لَا تَشَبَّهُوا |
| ജൂതന്മാരോടും ക്രിസ്ത്യാനികളോടും. | بِالْيَهُودِ وَالنَّصَارَى |

(ترمذى)

"ജൂതന്മാരുടെ സലാം കൈവിരൽകൊണ്ടു ആംഗ്യം കാണിക്കലും കൃസ്ത്യാനികളുടെ സലാം കൈപടംകൊണ്ടു് ആംഗ്യം കാണിക്കലുമാണ്'' എന്നു് ഈ ഹദീസിൻെറ അവസാനത്തിലുണ്ടു. തമ്മിൽ കാണുന്ന അവസരത്തിൽ അന്യോന്യം സ്നേഹബഹുമാനം പ്രകടിപ്പിക്കാൻ ഓരോ മതവിഭാഗക്കാർക്കും ആദർശക്കാർക്കും ചില പ്രത്യേക സമ്പ്രദായങ്ങളുണ്ടു്. അവ, അവരുടെ ആദർശത്തിൻേറയും വിശ്വാസസംസ്കാരങ്ങളുടേയും അടയാളങ്ങളാണ്. മുസ്ലിംകൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ السلام عليكم (നിങ്ങൾക്ക് രക്ഷയും സമാധാനവും ഉണ്ടാവട്ടെ) എന്നു് പ്രാർത്ഥിക്കാനും അതിന്നുത്തരമായി وعليكم السلام ورحمة الله (നിങ്ങൾക്ക് രക്ഷയും സമാധാനവും അല്ലാഹുവിൻെറ കരുണയും ലഭിക്കട്ടെ) എന്നു് പ്രാർത്ഥിക്കാനും അന്യോന്യം കൈകൊടുക്കാനുമാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ലോകത്ത് ഇന്നുവരെ അറിയപ്പെട്ട എല്ലാം സമ്പ്രദായങ്ങളെക്കാളും അർത്ഥവത്താണ് ഇസ്ലാമിൻെറ ഈ സമ്പ്രദായമെന്നു ആർക്കും മനസ്സിലാക്കാൻ പ്രയാസമില്ല. ഇസ്ലാമിക ആദർശവും, സാമൂഹ്യബോധവും, ഗുണകാംക്ഷയും, ഇസ്ലാമിൻെറ പൊതുസ്വഭാവവും ഇതിൽ അടങ്ങിയിട്ടുണ്ടെന്നു ചിന്തിക്കുന്നവർക്കറിയാം.

രാവിലെ കാണുമ്പോൾ انعم صباحا (പ്രഭാതത്തിൽ സുഖം വരട്ടെ) യെന്നും വൈകുന്നേരമാണെങ്കിൽ انعم مساء (പ്രദോഷത്തിൽ സുഖംവരട്ടെ) എന്നുമാണ് അറബികൾ തമ്മിൽ പറഞ്ഞിരുന്നത്. അതിൻെറ നേരെ പരിഭാഷയാണ് ഇംഗ്ലീഷുകാരും അവരുടെ സംസ്കാരം സ്വീകരിച്ചവരും ഇന്നു്പറഞ്ഞുവരുന്നത്. എന്നാൽ ആ സമ്പ്രദായം തീരെ എടുത്തുകളഞ്ഞു തൽസ്ഥാനത്തു മേൽപറഞ്ഞ സമ്പ്രദായം ഇസ്ലാം സ്ഥാപിച്ചതു തീകച്ചും ഉദ്ദേശപൂർവ്വമാണ്. എന്നിട്ടും മററുള്ളവരുടെ

ദായങ്ങൾ തന്നെ മുസ്ലിംകൾ സ്വീകരിക്കയാണെങ്കിൽ അതൊരു ചെറിയ കാര്യമല്ലെന്നു തീർച്ചയാണ്. കാരണം ആദർശത്തോടും വിശ്വാസത്തോടും ബന്ധപ്പെട്ട കാര്യങ്ങൾക്ക് വിലകല്പിക്കാതിരിക്കാൻ ആദർശവാദികൾക്കൊരിക്കലും സാധ്യമല്ല. കമ്മ്യൂണിസ്റ്റുകാരൻ ത്രിവർണ്ണപ്പതാകയും കോൺഗ്രസ്സുകാരൻ ചെങ്കൊടിയും ഇഷ്ടപ്പെടുന്നത് ആർക്കെങ്കിലും അനുഭവമുണ്ടോ?

ഒരാളുടെ മുമ്പിൽ രണ്ടു സമ്പ്രദായങ്ങളുണ്ടെന്നിരിക്കട്ടെ; അതിൽ ഒന്നു മാത്രം അയാൾ സ്വീകരിക്കയാണെങ്കിൽ അതിനോടാണ് അയാൾക്ക് കൂടുതൽ സ്നേഹവും ബഹുമാനവുമെന്നത് എത്രയും വ്യക്തമാണ്.

ഇസ്ലാമിക സമ്പ്രദായങ്ങൾ മുമ്പിലുണ്ടായിരിക്കെ ഒരാൾ അനിസ്ലാമിക സമ്പ്രദായങ്ങൾ സ്വീകരിക്കുന്നുവെങ്കിൽ, ഇസ്ലാമിക സമ്പ്രദായങ്ങളോടുള്ള വെറുപ്പും അവജ്ഞയും അനിസ്ലാമിക സമ്പ്രദായങ്ങളോടുള്ള സ്നേഹവുമാണതിനു കാരണം. ഇസ്‌ലാമിനോട് സ്നേഹവും കൂറുമുള്ള ഒരാൾക്കും അത് സാധ്യമല്ലെന്നതാണ് വാസ്തവം. ഇസ്‌ലാമിക മര്യാദകൾ മുറുകെ പിടിക്കാനും അനിസ്‌ലാമിക ആദർശക്കാരുടെ അടയാളങ്ങൾ സ്വീകരിക്കാതിരിക്കാനും ഇസ്‌ലാം ശക്തിയായി കല്പിക്കുന്നതിന്റെ അർത്ഥമതാണ്. കാവിവസ്ത്രം ധരിക്കുന്നതും പൂണൂൽ ഇടുന്നതും താടി വടിക്കുന്നതും മീശ കണക്കിലേറെ വളർത്തുന്നതും അതുപോലുള്ള കാര്യങ്ങളും ഇസ്‌ലാം കഠിനമായി വെറുക്കാൻ കാരണവും ഇതുതന്നെയാണ്.

"താടിയിലും, മുടിയിലും, വസ്ത്രങ്ങളിലുമാണോ ഇസ്‌ലാം?" എന്നു ചിലർ ചോദിക്കാറുണ്ട്. കൊടിയിലും ബേഡ്ജിലുമാണോ രാഷ്ട്രീയാദർശങ്ങൾ, എന്ന കാര്യം അവർ ചിന്തിക്കുന്നില്ല. സംസ്കാരങ്ങളും സമ്പ്രദായങ്ങളും മുളച്ചു വരുന്നത് മനസ്സിൽനിന്നാണ്. അവ പുറമെ മാത്രമുള്ള കാര്യങ്ങളാണെന്നു വിചാരിക്കുന്നത്

തികച്ചും അബദ്ധമാകുന്നു. അതിനാൽ ഇസ്‌ലാമിനെ സംബന്ധിച്ച് അഭിമാനമുള്ളവരിൽ ഇസ്‌ലാമിക സമ്പ്രദായങ്ങൾ പ്രത്യക്ഷപ്പെട്ടുമെന്നതിൽ സംശയമില്ല. ഈ പരമാർത്ഥമാണ് പ്രകൃത ഹദീസ് ചൂണ്ടിക്കാണിക്കുന്നത്.

## 23

| | |
|---|---|
| നാലു കാര്യം | أَرْبَعٌ |
| ആരിലെങ്കിലും അവ ഉണ്ടായാൽ | مَنْ كُنَّ فِيهِ |
| അവൻ തനി കപടവിശ്വാസിയായിത്തീർന്നു | كَانَ مُنَافِقًا خَالِصًا |
| എന്നി, അവയിൽ ഒരു കാര്യം ഒരാളിലുണ്ടായാൽ | وَمَنْ كَانَتْ فِيهِ خَصْلَةٌ مِنْهُنَّ |
| അവനിൽ കാപട്യത്തിൽ നിന്നു ഒരു കാര്യം ഉണ്ടായി | كَانَتْ فِيهِ خَصْلَةٌ مِنَ النِّفَاقِ |
| അവൻ അത് ഉപേക്ഷിക്കുന്നതുവരെ | حَتَّى يَدَعَهَا |
| വർത്തമാനം പറഞ്ഞാൽ കളവ് പറയും | إِذَا حَدَّثَ كَذَبَ |
| വാഗ്ദാനം ചെയ്താൽ ലംഘിക്കും | وَإِذَا وَعَدَ أَخْلَفَ |
| കരാർ ചെയ്താൽ വഞ്ചിക്കും | وَإِذَا عَاهَدَ غَدَرَ |

പിണങ്ങിയാൽ മര്യാദവിട്ട്
പെരുമാറും

وَإِذَا خَاصَمَ فَجَرَ
(بخاری و مسلم)

കളവുപറയുക, വാഗ്ദാനം ലംഘിക്കുക, കരാർ പാലിക്കാതിരിക്കുക, തെററിയാൽ മര്യാദ കെട്ട് പെരുമാറുക എന്നീ നാല് ദുസ്സ്വഭാവങ്ങൾ കാപട്യത്തിൻെറ ലക്ഷണങ്ങളാണ്. അവ നാലുംകൂടി ഒരാളിലുണ്ടായാൽ അവൻ തികഞ്ഞ മുനാഫിഖാണെന്നും അവയിൽ ഒന്നുമാത്രം ഒരാളിൽ കണ്ടാൽ അയാൾ അത്രമാത്രം മുനാഫിഖാണെന്നും തീർച്ചപ്പെടുത്താമെന്നു സാരം. "അവൻ നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും മുസ്ലിമാണെന്നു വാദിക്കുകയും ചെയ്താലും അവൻ മുനാഫിഖാ"ണെന്നുകൂടി ഈ ഹദീസിൻെറ മററു ചില റിപ്പോർട്ടുകളിൽ വന്നിട്ടുണ്ടു. എന്നുവെച്ചാൽ, വാദംകൊണ്ടും ബാഹ്യമായ കർമ്മങ്ങൾകൊണ്ടുംമാത്രം യാതൊരു ഫലവുമില്ലെന്നർത്ഥം.

ഉള്ളിൽ കള്ളത്തരം മറച്ചുവെച്ചുകൊണ്ടു പുറമെ സത്യവാനാണെന്നു കാണിക്കുന്നതിന്നാണ് നിഫാഖ് അല്ലെങ്കിൽ കാപട്യം എന്നു പറയുന്നത്. മനസ്സിൽ തനി കുഫ്റും ശിർക്കും മറച്ചുവെച്ചുകൊണ്ടു കാര്യലാഭത്തിനുവേണ്ടി, പുറമെ സത്യവിശ്വാസിയായി അഭിനയിക്കുന്നവരാണ് തികഞ്ഞ കപടന്മാർ. കുഫ്റും ശിർക്കും, അക്രമവും ധിക്കാരവും നന്ദികേടുമാണ്; അതിൻെറ കൂടെ വഞ്ചനയും കള്ളത്തരവും കൂടിച്ചേർന്നതാണ് കപടവിശ്വാസം. അതിനാൽ, "കപടവിശ്വാസികൾ നരകത്തിൻെറ അടിത്തട്ടിലാണ്" എന്നു വിശുദ്ധ ഖുർആൻ മുന്നറിയിപ്പ് നല്കിയിരിക്കുന്നു. സത്യനിഷേധിയും ബഹുദൈവവിശ്വാസിയും ഇസ്ലാമിൻെറ ശത്രുക്കളാണെങ്കിൽ, കപടവിശ്വാസി, ഇസ്ലാമിൻെറ വഞ്ചകനായ 'സുഹൃത്താ'ണ്. സുഹൃത്തിൻെറ വഞ്ചന, ശത്രുക്കളുടെ എതിർപ്പിനേക്കാൾ നീചവും ആപല്ക്കരവും ആണെന്നതിൽ സംശയമില്ല.

എന്നാൽ, ഒരാളുടെ മനസ്സിലുള്ള കാപട്യം മററുള്ളവർക്ക് അറിയാൻ സാധ്യമല്ല. പക്ഷെ അതിൻെറ ചില ലക്ഷണങ്ങൾ വിശുദ്ധ ഖുർആനും നബി (സ) യും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംസാരത്തിലും പ്രവൃത്തിയിലുമുള്ള നിഫാഖ് എന്നാണ് പണ്ഡിതന്മാർ അവയ്ക്കു പേർ കൊടുത്തിരിക്കുന്നത്. അവയിൽ പെട്ട നാല് പ്രധാന ലക്ഷണങ്ങളാണ് ഈ ഹദീസിൽ എടുത്ത് പറഞ്ഞിരിക്കുന്നത്.

സത്യസന്ധത, നിഷ്കളങ്കത, വിശ്വസ്തത, പരിശുദ്ധി എന്നിവ ഇസ്ലാമിൻെറ അടിസ്ഥാനസ്വഭാവങ്ങളാണ്. പ്രസ്തുത സ്വഭാവങ്ങൾ ഒരു സന്ദർഭത്തിലും കൈവിടാതിരിക്കാൻ സത്യവിശ്വാസിയുടെ ഈമാൻ അവനെ ശക്തിയായി നിർബ്ബന്ധിക്കുന്നുണ്ട്. തീയുടെ സ്വഭാവം ചൂടാണെങ്കിൽ, ഒരു സ്ഥലത്തു തീ കത്തിക്കൊണ്ടിരിക്കുമ്പോൾ അവിടെ തണുപ്പുണ്ടാവുകയില്ലെന്നതു പരമാർത്ഥമാണെങ്കിൽ, ജീവിതത്തിൽ മുഴുവനും സത്യസന്ധതയും മാന്യതയും കൈക്കൊള്ളാൻ നിർബ്ബന്ധിക്കുന്ന "ഈമാൻ" ഒരു വ്യക്തിയുടെ ഹൃദയത്തിൽ സജീവമായി നിലകൊള്ളുമ്പോൾ ആയാൾ കള്ളനും വഞ്ചകനും മര്യാദയില്ലാത്തവനുമായിത്തീരുക സാധ്യമല്ല എന്ന പരമാർത്ഥമാണ് ഈ ഹദീസു പഠിപ്പിക്കുന്നത്. മനുഷ്യരുടെ സ്വഭാവങ്ങൾ സന്ദർഭമനുസരിച്ചാണ് പ്രത്യക്ഷപ്പെടുന്നത്. കളവു പറയുന്നതിൽ കാര്യമുണ്ടായാൽ കള്ളന്മാർ കളവു പറയുന്നു. വഞ്ചിക്കാൻ അവസരം വരുമ്പോൾ വഞ്ചകന്മാർ വഞ്ചിക്കുന്നു. കോപവും വഴക്കുമുണ്ടാകുമ്പോൾ മാന്യതയില്ലാത്തവരുടെ ദുസ്സ്വഭാവങ്ങൾ പുറത്തുവരുന്നു. എപ്പോഴും കളവുമാത്രം പറയുന്നവരോ, തനിക്ക് ലാഭമായാലും നഷ്ടമായാലും എല്ലാ കരാറുകളും ലംഘിക്കുന്നവരോ, വളരെ സ്നേഹത്തിലിരിക്കുമ്പോഴും അസഭ്യം പറയുന്നവരോ മനുഷ്യരിൽ ഉണ്ടാകാറില്ലല്ലോ. അതിനാൽ ജീവിതത്തിൽ ഒരു സത്യവും പറയാത്തവനും, ഒരിക്കലും കരാറു പാലിക്കാത്തവനും മാത്രമാണ് "മുനാ

ഫിഖ്'' എന്നു വിചാരിക്കുന്നത് അബദ്ധമാണ്. സന്ദർഭം വരുമ്പോൾ കളവു പറയുകയും വഞ്ചിക്കുകയും മര്യാദ കെട്ട് പെരുമാറുകയും ചെയ്യുന്നതിൽ നിന്നു ഒരാൾ ഒഴിഞ്ഞുനില്ക്കുന്നില്ലെങ്കിൽ കളവും വഞ്ചനയുമാണ് അയാളുടെ സ്വഭാവമെന്നു തീർച്ചപ്പെടുത്താം. അത്തരം സ്വഭാവമുള്ളവർ മുനാഫിഖുകളാണെന്നു ഈ ഹദീസ് പഠിപ്പിക്കുന്നു.

ഈ ഹദീസിൽ ചൂണ്ടിക്കാണിച്ച നാലു സ്വഭാവങ്ങളും സാമൂഹ്യജീവിതത്തെ ബാധിക്കുന്നവയാണെന്നു എത്രയും വ്യക്തമാണ്. എന്നു വരുമ്പോൾ, ഈമാൻ സാമൂഹ്യജീവിതത്തിൽ തെളിഞ്ഞുകാണേണ്ടതാണെന്നും, അല്ലാത്തപക്ഷം അതു കാപട്യത്തിന്റെ ലക്ഷണമാണെന്നും പ്രത്യേകം ഓർക്കേണ്ടതാണ്. മനസ്സിൽ പേരിന്നു ചില വിശ്വാസങ്ങളും പുറമെ ചില ആരാധനാകർമ്മങ്ങളും ഉണ്ടായിക്കഴിഞ്ഞാൽ ഈമാനും ഇസ്ലാമും പൂർത്തിയായി, പിന്നീടൊന്നും ഭയപ്പെടാനില്ല എന്ന ധാരണയാണ് മുസ്ലിംകളിൽ ഇന്നു പൊതുവെ കാണപ്പെടുന്നത്. സത്യസന്ധതയും വിശ്വസ്തതയും മാന്യതയുമെല്ലാം ചില സുന്നത്തുകൾ മാത്രമാണെന്നല്ലാതെ, അവ സത്യവിശ്വാസത്തോട് ബന്ധപ്പെട്ട കാര്യങ്ങളാണെന്നോ അവക്കെതിരായ സ്വഭാവങ്ങൾ ഇസ്ലാമിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾക്കെതിരാണെന്നോ ഉള്ള ധാരണതന്നെ അവക്കില്ല. തൽഫലമായി, ഇസ്ലാമിന്റെ സാക്ഷാൽ സ്വഭാവം മുസ്ലിംകളുടെ ജീവിതത്തിൽ കാണാൻ പ്രയാസമായിരിക്കുന്നു. പാവനവും പരിശുദ്ധവുമായ ഇസ്ലാമിക ജീവിതവും മുസ്ലിംകളുടെ ഇന്നത്തെ ജീവിതവും തമ്മിൽ എത്രമാത്രം അന്തരമാണുള്ളതെന്നു ഒന്നു ചിന്തിച്ചുനോക്കുക

## 24

കപടവിശ്വാസിയുടെ ലക്ഷണം അൻസാരികളെ വെറുക്കലത്രെ

آية المنفق بغض الانصار

സത്യവിശ്വാസിയുടെ ലക്ഷണം അൻസാരികളെ സ്നേഹിക്കലുമാണ്. وَآيَةُ الْمُؤْمِنِ حُبُّ الْأَنْصَارِ (مسلم)

لَا يُبْغِضُ الْأَنْصَارَ رَجُلٌ يُؤْمِنُ بِاللهِ وَالْيَوْمِ الْآخِرِ

(مسلم)

(അല്ലാഹുവിലും പരലോകത്തിലും വിശ്വാസമുള്ള ഒരു വ്യക്തിയും അൻസാരികളെ വെറുക്കുകയില്ല.)

നബി (സ) ഇസ്ലാമികപ്രബോധനം ആരംഭിച്ചപ്പോൾ, സത്യത്തിൻെറ വിജയം ഇഷ്ടപ്പെടാത്തവരും, ബഹുദൈവവിശ്വാസവും, ദുരാചാരങ്ങളും, നാട്ടിലുള്ള മേധാവിത്തവും നിലനിർത്താൻ ആഗ്രഹിക്കുന്നവരുമായ ഖുറൈശികളും കൂട്ടുകാരും നബി (സ) യെയും സാധുക്കളായ അനുയായികളെയും അങ്ങേഅററം ഉപദ്രവിച്ചുതുടങ്ങി. സഹാബിമാരിൽ പലരേയും അവർ കഠിനമായി മർദ്ദിച്ചു. അതുകൊണ്ടും ഇസ്ലാമിൻെറ വിജയം തടയാൻ കഴിയുകയില്ലെന്നു കണ്ടപ്പോൾ നബി (സ) യെ കൊലപ്പെടുത്താൻ തന്നെ ആ ദുഷ്ടന്മാർ തീരുമാനിച്ചു. പക്ഷെ അവർ പ്രതീക്ഷിക്കാത്ത മാർഗ്ഗത്തിലൂടെ, തൻെറ പ്രവാചകനെ അല്ലാഹു രക്ഷപ്പെടുത്തി. അങ്ങിനെ റസൂൽ തിരുമേനിയും സഹാബിമാരും നാട്ടിലുള്ളതെല്ലാം ഉപേക്ഷിച്ചുകൊണ്ടു മദീനയിൽ അഭയം പ്രാപിച്ചു. ഇസ്ലാമിനുവേണ്ടി സർവ്വവും ഉപേക്ഷിച്ചു മദീനയിലെത്തിയ നബി(സ)യെയും നിസ്സഹായരായ മുസ്ലിംകളെയും, മദീനാ നിവാസികളായ മുസ്ലിംകൾ, തികഞ്ഞ സ്നേഹത്തോടും ബഹുമാനത്തോടും കൂടി സ്വീകരിച്ചു. എന്നു മാത്രമല്ല, അവരുടെ സമ്പത്തിലും മററെല്ലാം സൗകര്യങ്ങളിലും മുഹാജിറുകളെ അവർ പങ്കാളികളാക്കി. അങ്ങിനെ ലോകത്തിലൊരിടത്തും സ

ഹായിക്കാനാളില്ലാത്ത ആ വിഷമഘട്ടത്തിൽ ഇസ്ലാമിനെ സഹായിച്ച മാതൃകാപുരുഷന്മാരാണ് അൻസാരികൾ. സ്വന്തം വിഷമങ്ങൾ ധാരാളമുണ്ടായിരുന്നുവെങ്കിലും അതൊന്നും വകവെക്കാതെ, നബി(സ)ക്കും മുഹാജിറുകൾക്കും അവർ അന്നു ചെയ്ത സഹായങ്ങൾ, യഥാൎത്ഥത്തിൽ, ലോകാവസാനം വരെയ്ക്കും ഇസ്ലാമിൻെറ നിലനില്പിന്നും വിജയത്തിന്നുമുള്ള സഹായമായിരുന്നു. അതിനാൽ, ഇസ്ലാമിൻെറ ഒന്നാമത്തെ സഹായികളായ അൻസാരിമാരോടുള്ള സ്നേഹവും ബഹുമാനവും, അല്ലാഹുവിനോടും റസൂലിനോടും പരിശുദ്ധ ഇസ്ലാമിനോടുമുള്ള സ്നേഹവും ബഹുമാനവുമാണെന്നതിൽ സംശയമില്ല. പിതാവിനോടു സ്നേഹമുള്ള മക്കൾക്ക്, അദ്ദേഹത്തെ വിഷമഘട്ടത്തിൽ സഹായിച്ചവരോടും സ്നേഹമുണ്ടാകുന്നത് സ്വാഭാവികമാണ്. പ്രിയപ്പെട്ട മക്കളെ ആപത്തിൽനിന്നു രക്ഷിച്ചവരെ സ്നേഹിക്കാത്ത മാതാപിതാക്കളുണ്ടാകുമോ? അതിനാൽ, ഹൃദയത്തിൽ ഇസ്ലാമികവിശ്വാസമുള്ള ഒരാൾക്കും അൻസാരികളെ സ്നേഹിക്കാതിരിക്കാൻ സാധ്യമല്ല. എന്ന പരമാൎത്ഥമാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്.

ഇസ്ലാമിക ആദൎശങ്ങൾ തേഞ്ഞുമാഞ്ഞുപോകാറായ ഘട്ടങ്ങളിൽ ഇസ്ലാമിൻെറ നിലനില്പിന്നും വിജയത്തിന്നുംവേണ്ടി, പലവിധവിഷമങ്ങളും സഹിച്ചുകൊണ്ടു പ്രവർത്തിച്ച പല പണ്ഡിതന്മാരും, പരിഷ്കർത്താക്കളുമുണ്ട്. ആ ഘട്ടങ്ങളിൽ അവരുടെ പ്രവർത്തനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇസ്ലാമിൻെറ യഥാൎത്ഥരൂപംപോലും ഇന്നു നമുക്ക് കാണാൻ കഴിയുമായിരുന്നില്ല. അത്തരം വ്യക്തികളോടുള്ള സ്നേഹവും ഇസ്ലാമിനോടുള്ള സ്നേഹത്തിൽ പെട്ടതാണെന്നു ഇവിടെ വെച്ചു നാം ഓൎക്കേണ്ടതുണ്ട്. ഇമാം ബുഖാരി, ഇമാം മുസ്ലിം തുടങ്ങിയ ഹദീസ്പണ്ഡിതന്മാരും, മദ്ഹബിൻെറ ഇമാമുകൾ, ഖലീഫാ ഉമറബ്നു അബ്ദിൽഅസീസ്, ഇമാം ഇബ്നുതൈമിപോലുള്ള പരിഷ്കർത്താക്കളും, ഏതു കാലത്തും ഇസ്ലാമികാദൎശത്തിൻെറ വിജയത്തിന്നുവേണ്ടി ത്യാഗങ്ങൾ വരിച്ച

എല്ലാ സജ്ജനങ്ങളും അക്കൂട്ടത്തിൽ പെടുന്നു. ചുരുക്കത്തിൽ, ഇസ്ലാമിനു വേണ്ടി നിസ്വാർത്ഥ സേവനങ്ങൾ അർപ്പിക്കുകയും ത്യാഗങ്ങൾ വഹിക്കുകയും ചെയ്ത മഹാന്മാർ എവിടെയായിരുന്നാലും ഏതുകാലത്തായിരുന്നാലും അവരെയെല്ലാം നാം ആത്മാർത്ഥമായി സ്നേഹിക്കണം. അതാണ് സത്യവിശ്വാസത്തിൻെറ ലക്ഷണം. അവരോടു സ്നേഹമില്ലാതിരിക്കുന്നതും ദ്വേഷമുണ്ടാകുന്നതും നിഫാഖിൻെറ അടയാളമാണ്.

# 20

| | |
|---|---|
| മൂന്നുപേർ | ثَلَاثَـةٌ |
| അവരെ നിസ്സാരമാക്കുകയില്ല | لَا يَسْتَخِفُّ بِـهِمْ |
| കപടവിശ്വാസിയല്ലാതെ | إِلَّا مُنَافِقٌ |
| (ഒന്നു) ഇസ്ലാമിൽ നരബാധിച്ച വ്യക്തി | ذُو الشَّيْـبَـةِ فِي الْإِسْلَامِ |
| (രണ്ടു) വിജ്ഞാനമുള്ളവൻ | وَذُو الْعِـلْمِ |
| (മൂന്നു) നീതിമാനായ ഭരണ കർത്താവ് | وَإِمَامٌ مُقْسِطٌ (مسلم) |

ദീർഘകാലം ഇസ്ലാമികജീവിതം നയിച്ച വൃദ്ധന്മാർ, ഇസ്ലാമികവിജ്ഞാനവാഹകരായ പണ്ഡിതന്മാർ, നീതിമാനായ ഇസ്ലാമിക ഭരണനേതാവ് എന്നിവരെ കപടവിശ്വാസിയല്ലാതെ, നിസ്സാരമാക്കുകയില്ലെന്നു സാരം.

ഇസ്ലാമിൽ വിശ്വാസമുള്ള ഏതൊരാൾക്കും, ഇസ്ലാമിക ജീവിതത്തോട് സ്നേഹവും ബഹുമാനവും മാത്രമെ ഉണ്ടായിരിക്കയുള്ളു. ധാരാളം വ്യക്തികളിൽ കൂടുതൽ നല്ല ഇസ്ലാമികജീവിതം ഉണ്ടായിത്തീരുകയെന്നതാണ് യഥാർത്ഥത്തിൽ ഇസ്ലാമിന്റെ വിജയം. ഇസ്ലാമിന്റെ വിജയമാണ് ഒരു മുസ്ലിമിന്റെ ഏററവും വലിയ ആഗ്രഹം. അപ്പോൾ ഇസ്ലാമികജീവിതത്തെ ബഹുമാനിക്കാതിരിക്കാൻ സത്യവിശ്വാസികൾക്ക എങ്ങിനെയാണ് സാധിക്കുക. മററാരു വിധത്തിൽ പറഞ്ഞാൽ, വിശുദ്ധ ഖുർആനിലും നബി (സ) യുടെ സുന്നത്തിലുമുള്ള ഇസ്ലാമാണ് ഒരു യഥാർത്ഥ മുസ്ലിമിന്റെ ജീവിതത്തിൽ ഉണ്ടായിരിക്കുക. അതിനാൽ ദീർഘകാലം നീണ്ടുനിന്ന ഇസ്ലാമികജീവിതത്തോടും, ആ ജീവിതം നയിച്ച വ്യക്തികളോടുമുള്ള ബഹുമാനം ഇസ്ലാമിനോടുള്ള ബഹുമാനം മാത്രമാണ്. ഇസ്ലാമിനോട് ബഹുമാനമില്ലാത്തവന്നു, ഇസ്ലാമിൽ ആത്മാർത്ഥമായ വിശ്വാസമുണ്ടെന്നു പറയാൻ നിവൃത്തിയില്ല.

വിജ്ഞാനമുള്ള പണ്ഡിതനെയാണ് ഹദീസിൽ രണ്ടാമതു പറഞ്ഞിരിക്കുന്നത്. ഇസ്ലാമിന്റെ വിജയത്തിന്നും മനുഷ്യരുടെ നന്മക്കും ഉപകരിക്കുന്ന ഇസ്ലാമികവിജ്ഞാനമാണ് ഇവിടെ ഉദ്ദേശമെന്നത് വ്യക്തമാണ്. അത്തരം വിജ്ഞാനമുള്ള യഥാർത്ഥ പണ്ഡിതന്മാരോടുള്ള സ്നേഹവും ബഹുമാനവും ഈമാന്റെ ലക്ഷണവും, അവരെ നിസ്സാരമാക്കുന്നത് കാപട്യത്തിന്റെ അടയാളവുമാണെന്നർത്ഥം.

ഇസ്ലാമിനെ സംബന്ധിച്ച യഥാർത്ഥ ജ്ഞാനമില്ലാത്ത ജനങ്ങളിൽ, ബഹുദൈവാരാധനയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദൈവധിക്കാരവും അനിസ്ലാമികജീവിതവുമാണുണ്ടായിരിക്കുക. അവരെ അതിൽനിന്നു രക്ഷിക്കാൻ യഥാർത്ഥമായ ഇസ്ലാമികവിജ്ഞാനത്തിന്നു മാത്രമെ സാധിക്കയുള്ളു.

വിജ്ഞാനം ഇസ്ലാമിൻെറ ജീവനാണെന്നു ഇസ്ലാം പഠിപ്പിക്കുന്നു. ജീവൻ നഷ്ടപ്പെട്ടതെല്ലാം നശിക്കുകയല്ലാതെ നിലനില്ക്കുകയില്ലല്ലോ. അജ്ഞതയുള്ളേടത്ത് ഇസ്ലാം നിലനില്ക്കുകയില്ല. അനിസ്ലാമികകാലത്തിനു ജാഹിലിയ്യത്ത് (അജ്ഞതയുടെ കാലഘട്ടം) എന്നാണ് പേർ. അതിനാൽ, അജ്ഞത ഇസ്ലാമിൻെറ ശത്രുവും, വിജ്ഞാനം അതിൻെറ അടിത്തറയും ജീവനുമാണെന്നു മനസ്സിലാക്കാം.

ഇസ്ലാമികാദർശവിശ്വാസങ്ങൾ നഷ്ടപ്പെടുകയും ജനങ്ങൾ അനിസ്ലാമികചിന്താഗതികളിൽ അകപ്പെടുകയും ചെയ്യുമ്പോഴെല്ലാം ഇസ്ലാമിനു വീണ്ടും ജീവൻ നല്കി നിലനിർത്തിയിട്ടുള്ളത് ഇസ്ലാമികവിജ്ഞാനം മാത്രമാണ്.

അതിനാൽ ഇസ്ലാമിനോടു സ്നേഹമുള്ള ഏതൊരു വ്യക്തിയും ഇസ്ലാമികവിജ്ഞാനത്തെയും അതിൻെറ യഥാർത്ഥ വാഹകരായ പണ്ഡിതന്മാരെയും സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുമെന്നത് തീർച്ചയാണ്. അവരോടു ബഹുമാനമില്ലാത്തവർക്ക് ഇസ്ലാമിനോട് ബഹുമാനമില്ലെന്ന പരമാർത്ഥമാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്.

ഇസ്ലാമികജീവിതം, ഇസ്ലാമികവിജ്ഞാനം എന്നിവപോലെ ഇസ്ലാമിൻെറ നിലനില്പിനും, വിജയത്തിനും അടിസ്ഥാനമായ മൂന്നാമത്തെ കാര്യമാണ് ഇസ്ലാമികവ്യവസ്ഥിതി. ശരിയായ ഒരു ഇസ്ലാമിക ഭരണകൂടമില്ലാതെ, ഇസ്ലാമിൻെറ കല്പനകൾ നടപ്പിൽ വരുത്താനോ ഇസ്ലാമിൻെറ മുഴുവൻ സൽഗുണങ്ങൾ ലോകത്തിന്നു കാണാനോ സാധ്യമല്ല. മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്ന ഏതു പ്രസ്ഥാനത്തിനും അതിൻേറതായ ഒരു വ്യവസ്ഥിതി ആവശ്യമാണ്. അല്ലാത്തപക്ഷം അതിൻെറ സാക്ഷാൽരൂപം ഒരിക്കലും പ്രത്യക്ഷപ്പെടുകയില്ല. സോഷ്യലി

സമോ കമ്യൂണിസമോ നടപ്പിൽ വരാൻ ഒരു ഭരണവ്യവസ്ഥിതി ആവശ്യമില്ലെന്നു അതിന്റെ ആൾക്കാർ സമ്മതിച്ചാൽ തന്നെയും, ഇസ്ലാമിനെ സംബന്ധിച്ചേടത്തോളം അത് വിചാരിക്കാൻ പോലും തരമില്ല. ഇസ്ലാമികജീവിതക്രമം ആദ്യമായി മദീനയിൽ നടപ്പിലായതുതന്നെ, ഒരു ഭരണകൂടം സ്ഥാപിച്ചു കൊണ്ടായിരുന്നു. ആ ഭർണകൂടത്തിനു തകൎച്ച സംഭവിച്ചതോടു കൂടി ഇസ്ലാമികജീവിതക്രമത്തിന്നും ഉലച്ചിൽ തട്ടുകയുണ്ടായി. ഇസ്ലാമിന്റെ സാമൂഹ്യനീതി നിലവിൽ വരാത്ത കാലത്തോളം ഇസ്ലാമികജീവിതം പൂൎണ്ണമാവുകയില്ലെന്നാണ് ഇതെല്ലാം പഠിപ്പിക്കുന്നത്. അതിനാൽ ഇസ്ലാമിന്റെ സാക്ഷാൽ വിജയവും നിലനിൽപ്പും ആഗ്രഹിക്കുന്ന സത്യവിശ്വാസികൾ ഇസ്ലാമികവ്യവസ്ഥിതിയെ സ്നേഹിക്കുകയും ആദരിക്കുകയും മാത്രമല്ല, അതു നിലവിൽ വരാൻ സൎവ്വ കഴിവുകളും ഉപയോഗിച്ചു ശ്രമിക്കുമെന്നതും തീൎച്ചയാണ്. നീതിമാനായ ഭരണകർത്താവിനോടുള്ള ആദരവ് യഥാൎത്ഥത്തിൽ ഇസ്ലാമികവ്യവസ്ഥിതിയോടുള്ള ആദരവാണെന്നതിൽ സംശയമില്ല.

ചുരുക്കത്തിൽ, ഇസ്ലാമികജീവിതം, ഇസ്ലാമികവിജ്ഞാനം, ഇസ്ലാമികവ്യവസ്ഥിതി എന്നിവയോടുള്ള സ്നേഹവും ബഹുമാനവും ഈമാനിന്റെ സ്വഭാവമാണെന്നും അവയോടുള്ള ബഹുമാനക്കുറവ് കാപട്യത്തിന്റെ അടയാളമാണെന്നും ഈ ഹദീസ് പഠിപ്പിക്കുന്നു.

എന്തു് ഇസ്ലാമികജീവിതം? എന്തു് ഇസ്ലാമികവിജ്ഞാനം? ഏതു് ഇസ്ലാമിക വ്യവസ്ഥിതി?. എന്നൊക്കെ ചിന്തിക്കുകയും പറയുകയും ചെയ്യുന്ന ചില മനുഷ്യരുണ്ടു്. അത്തരം ആൾക്കാരുടെ നേരെയാണ് ഈ ഹദീസ് വിരൽ ചൂണ്ടുന്നതെന്നു ചിന്തിക്കാൻ അവൎക്കു ഭാഗ്യമുണ്ടായെങ്കിൽ.

# 21

| | |
|---|---|
| ആരെങ്കിലും മരിച്ചാൽ | مَنْ مَاتَ |
| അവനാകട്ടെ സമരം ചെയ്തിട്ടില്ല | وَلَمْ يَغْزُ |
| സമരം ചെയ്യണമെന്നു മനസ്സിൽ കരുതിയിട്ടുമില്ല | وَلَمْ يُحَدِّثْ نَفْسَهُ بِغَزْوٍ |
| എന്നാൽ കാപട്യത്തിൻെറ ഒരു ശാഖയോടുകൂടിയാണ് അവൻ മരിച്ചത്. | مَاتَ عَلَى شُعْبَةٍ مِنْ نِفَاقٍ |
| | (مسلم) |

സമരം ചെയ്യുകയോ സമരം ചെയ്യാൻ ആഗ്രഹിക്കയോ ചെയ്യാതെ മരണപ്പെട്ടവൻ ഒരു വിധം കാപട്യത്തോടുകൂടിയാണ് മരിച്ചതെന്നർത്ഥം.

ഏതെങ്കിലും ഒരാദർശത്തിൽ ഒരാൾ ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടെങ്കിൽ, അതിൻെറ വിജയത്തിൽ അയാൾക്ക് താല്പര്യമുണ്ടാകും. അതിന്നു വേണ്ടി എന്തു ത്യാഗങ്ങൾ സഹിക്കാനും ആയാൾ തയ്യാറായിരിക്കും. എന്നു മാത്രമല്ല, തൻെറ ആദർശത്തിന്നു വേണ്ടി വിഷമങ്ങൾ സഹിക്കുന്നതിൽ ആയാൾക്ക വലിയ സന്തോഷമായിരിക്കും. ആദർശത്തോടുള്ള സ്നേഹത്തിൻെറ സ്വഭാവം അതാണെന്നു ഇന്നുവരേക്കുമുള്ള മനുഷ്യ ചരിത്രം തെളിയിച്ചിരിക്കുന്നു. ഇസ്ലാമിക ആദർശത്തിൻെറ കാര്യവും ഇതിൽ നിന്നു വ്യത്യസ്തമല്ല. ഇസ്ലാമിൻെറ സംരക്ഷണത്തിന്നും വിജയത്തിന്നും വേണ്ടി സമരം ചെയ്യാനും ത്യാഗം വരിക്കാനും, ഇസ്ലാമിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ഏതൊരാൾക്കും സന്തോഷവും ആഗ്രഹവും ഉണ്ടായിരിക്കുമെന്നത് തീർച്ചയാണ്. സത്യവിശ്വാസികളേയും കപട വിശ്വാസികളേയും വേർതിരിച്ചറി

യാൻ ഏററവും ഉപകരിക്കുന്ന കാര്യമാണ് സമരമെന്നു വിശുദ്ധ ഖുർആൻ തന്നെ പഠിപ്പിക്കുന്നുണ്ട്. സമ്പത്തിന്നും സൗകര്യങ്ങാംക്കും, ജീവന്നും അപകടം സംഭവിക്കുമ്പോാം ധൈര്യത്തോടെ ഉറച്ചു നില്ക്കുവാൻ സത്യവിശ്വാസികാംക്കു മാത്രമേ സാധിക്കയുള്ളൂ. സുഖാവസരങ്ങളിൽ സത്യവിശ്വാസികളാണെന്നു നടിച്ചിരുന്ന കപടവിശ്വാസികാം, സമരത്തിൻെറ അവസരം വരുമ്പോാം പല ഒഴികഴിവുകളും പറഞ്ഞു പിൻമാറിയിരുന്നത് ഇസ്ലാമിൻെറ ചരിത്രത്തിൽ സാധാരണമായിരുന്നു. അങ്ങിനെ യഥാർത്ഥ വിശ്വാസികളെ വേർതിരിച്ചറിയാനും കൂടി ഇസ്ലാമിക സമരങ്ങാം ഉപകരിച്ചിരുന്നു.

ചുരുക്കത്തിൽ, ഇസ്ലാമിന്നു വേണ്ടി ത്യാഗങ്ങാം സഹിക്കാൻ സന്നദ്ധതയും സന്തോഷവുമില്ലാത്തവരുടെ പൊള്ളയായ ഈമാൻ വാദത്തിന്നു ഇസ്ലാം വിലകല്പിക്കുന്നില്ല.

സായുധസമരം എന്നർത്ഥം വരുന്ന പദമാണ് ഈ ഹദീസിൽ ഉപയോഗിച്ചിട്ടുള്ളത്. ഇസ്ലാമിൻെറ സംരക്ഷണത്തിന്നു വേണ്ടി ഏററവും വിഷമകരമായ യുദ്ധം തന്നെ നടത്താൻ സന്നദ്ധതയും ആഗ്രഹവുമില്ലാത്തവർക്കു പോലും ഇസ്ലാമിൻെറ ദൃഷ്ടിയിൽ സ്ഥാനമില്ലെന്നാണല്ലോ അതിൽനിന്നു മനസ്സിലാക്കേണ്ടത്. എന്നു വരുമ്പോാം, ഇസ്ലാമിന്നു വേണ്ടി ഏററവും ചെറിയ ത്യാഗങ്ങാം പോലും സഹിക്കാൻ തയ്യാറില്ലാത്തവരുടെ ഈമാനിന്നു എന്തു വിലയാണുള്ളതെന്നു നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇസ്ലാമിക മാർഗ്ഗത്തിൽ ഒരു ചില്ലിക്കാശ് ചിലവാക്കാനോ ഒരു തുള്ളി വിയർപ്പൊലിപ്പിക്കാനോ അഞ്ചുമിനുട്ട് ചിലവഴിക്കാനോ മററുള്ളവർ നിർബ്ബന്ധിച്ചാൽ പോലും തയ്യാറില്ലാത്ത എത്ര മുസ്ലിംകളാണ് ഇന്നുള്ളത്. എന്നിട്ടും അവരുടെ ഈമാ

നിനെ സംബന്ധിച്ച് അവർക്ക് യാതൊരു ഭയവുമില്ല. ഈമാനും ഇസ്ലാമും എന്താണെന്നു പോലും അവർ ചിന്തിച്ചിട്ടില്ലെന്നാണ് ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്. ഇത്തരം നിലപാട് അല്ലാഹു ഒരിക്കലും അംഗീകരിക്കയില്ലെന്നത് തീർച്ചയാണ്. ആയുധമെടുത്ത് യുദ്ധം ചെയ്യാൻ സന്തോഷമില്ലാത്തവരെപ്പോലും ഇസ്ലാം അംഗീകരിക്കുന്നില്ലെങ്കിൽ ഒന്നിനും തയ്യാറില്ലാത്തവരെ അംഗീകരിക്കുമെന്നു വിചാരിക്കാൻ എന്തു ന്യായമാണുള്ളത്.

PRINTED AT
THE PRABODHANAM PRESS,
MARIKUNNU, CALICUT.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. B292 Acc. No. 45722

This book should be returned on or before the date last stamped below.

25 SEP 1978

~~28 JUL 2005~~

26 Aug 05

ന 297 45722

ഇസ്ഹാഖലി.

ഹദീസ് ഭാഷ്യം (രണ്ടാം ഭാഗം)

# ഹദീസ്ഭാഷ്യം

രണ്ടാം ഭാഗം

ഇ ഖലി

M297

Indic Digital Archive Foundation

gpura.org